# അഹ്ലുസ്സുന്നത്തി വൽജമാഅ:

രചന:

ശൈഖ് : മുഹമ്മദുബ്നു സ്വാലിഹുൽ ഉഥൈമീൻ (റ)

വിവർത്തനം:

അബ്ദുൽ ലത്തീഫ് സുല്ലമി മാറഞ്ചേരി


പ്രസിദ്ധീകരണം:

മന്ത്രാലയത്തിന്റെ കീഴിലുള്ള പ്രിന്റിംഗ് & റിസേർച്ച് ഏജൻസി - 1435 H ഹി.

(ح) وزارة الشؤون الإسلامية والأوقاف والدعوة والإرشاد، ١٤٢٧ هـ

**فهرسة مكتبة الملك فهد الوطنية أثناء النشر**

**العثيمين، محمد بن صالح**

عقيدة أهل السنة والجماعة باللغة المليبارية . / محمد بن صالح العثيمين .- الرياض، ١٤٢٥هـ

٩٢ ص ؛ ١٢ × ١٧ سم .

ردمك : ٧-٤٥٨-٢٩-٩٩٦٠

١ - العقيدة الإسلامية

أ - العنوان

ديوي ٢٤٠ ١٤٢٥/٥٦٠٤

رقم الإيداع : ١٤٢٥/٥٦٠٤

ردمك : ٧-٤٥٨-٢٩-٩٩٦٠

**الطبعة الحادي عشرة**

١٤٣٥ هـ

## ലോകരക്ഷിതാവിൻെറ നാമത്തിൽ

സർവ്വസ്തുതിയും ലോകനാഥനായ അല്ലാഹുവിന്. അവൻെറ ദൂതരിലും അദ്ദേഹത്തിൻെറ സഖാക്കളിലും ബന്ധുമിത്രാദികളിലും അല്ലാഹുവിൻെറ രക്ഷയും സമാധാനവും സദാ വർഷിക്കുമാറാകട്ടെ.

നമ്മുടെ സഹോദരനും പണ്ഡിത ശ്രേഷ്ഠനുമായ ബഹു: ശൈഖ് മുഹമ്മദുബ്നു സ്വാലിഹുൽ ഉഥൈമീൻ രചിച്ചതും അടിസ്ഥാന വിശ്വാസ സംഹിത ഹ്രസ്വമായി പ്രതിപാദിച്ചതുമായ കൃതി എൻെറ ശ്രദ്ധയിൽ പെടുത്തുകയും ഞാനത് മുഴുവൻ വായിച്ചു കേൾക്കുകയും ചെയ്തു. അഹ്ലുസ്സുന്നത്തിവൽ ജമാഅത്തിൻെറ വിശ്വാസം പൂർണ്ണമായും അതിൽ ഉൾക്കൊണ്ടിട്ടുള്ളതായും, വിശേഷിച്ചും അല്ലാഹുവിൻെറ ഏകത്വത്തെയും നാമ വിശേഷണങ്ങളെയും മലക്കുകളെയും ഗ്രന്ഥങ്ങളെയും പ്രവാചകൻമാരെയും അന്ത്യദിനത്തേയും നന്മയും തിന്മയുമടങ്ങുന്ന വിധിയെയും സംബന്ധിച്ചുള്ള വിശ്വാസം സരളമായും വളരെ നല്ലനിലയിലും പ്രതിപാദിച്ചതായി എനിക്ക് മനസിലാക്കാൻ കഴിഞ്ഞു. ഒരു മുസ്ലിം മനസ്സിലാക്കിയിരിക്കൽ അനിവാര്യമായ വിശ്വാസ പരമായ എല്ലാ വിഷയങ്ങളും ഒരു വിജ്ഞാനദാഹി ആഗ്രഹിക്കുന്നവിധത്തിൽ ഇതിൽ കോർത്തിണക്കിയിട്ടുണ്ട്. കൂടാതെ വിശ്വാസ പരമായുണ്ടായിത്തീരുന്ന ധാരാളം നേട്ടങ്ങളും ഇതിൽ വിവരിച്ചിട്ടുണ്ട്.

വിശ്വാസ സംബന്ധമായി രചിക്കപ്പെട്ടിട്ടുള്ള അധി ക ഗ്രന്ഥങ്ങളിലും കാണാത്ത ഒരു സവിശേഷത കൂടിയാണത്.-അല്ലാഹു അദ്ദേഹത്തിന്ന് മതിയായ പ്രതിഫലം നൽകട്ടെ- അദ്ദേഹത്തിൻെറ ഈ കൃതി യും മററ് ഗ്രന്ഥങ്ങളും നമുക്കും അദ്ദേഹത്തിനും മുഴുവൻ മുസ്ലിംകൾക്കും പ്രയോജനപ്പെടുമാറാക ട്ടെ. അല്ലാഹു നമ്മെയല്ലാം അവൻെറ മാർഗ്ഗദർശ നം ലഭിച്ച പ്രബോധകരിൽ ഉൾപ്പെടുത്തി അനുഗ്ര ഹിക്കു മാറാകട്ടെ (ആമീൻ).

ശൈഖ്
അബ്ദുൽ അസീസുബ്നു
അബ്ദുല്ലാഹിബ്നു ബാസ് (റ)
(മതവിദ്യഭ്യാസ
ഗവേഷണ പ്രബോധന വിഭാഗം ചെയർമാൻ)

(ശൈഖവർകൾ പറഞ്ഞുകൊടുത്തു
കേട്ടെഴുതിയതാണ് മേൽവരികൾ)

بسم الله الرحمن الرحيم

സ്തുതി മുഴുവനും സർവാധിനാഥനായ അല്ലാഹുവിന്. അവൻ ഏകനും പങ്കാരില്ലാത്തവനുമാണ്. മുഹമ്മദ് നബി(സ) അവൻെറ അടിമയും, ദൂതനും പ്രവാചകൻമാരിൽ അന്തിമനുമാകുന്നു എന്നും ഞാൻ ജീവിതത്തിലൂടെ സാക്ഷ്യംവഹിക്കുന്നു. പ്രവാചകരിലും കുടുംബത്തിലും ബന്ധു മിത്രാദികളിലും അവരെ പിന്തുടരുന്ന സർവ്വ ജനങ്ങളിലും അല്ലാഹുവിൻെറ രക്ഷയും സമാധാനവും അനവരതം വർഷിക്കുമാറാകട്ടെ (ആമീൻ)

നിശ്ചയമായും അല്ലാഹു തൻെറ ദൂതനായ മുഹമ്മദ് നബി(സ)യെ സത്യമതവും സൻമാർഗവുമായിക്കൊണ്ട്, ലോകർക്ക് കാരുണ്യവും സൽകർമകാരികൾക്ക് മാതൃകയായും സർവജനങ്ങൾക്കുള്ള തെളിവുകളുമായിട്ടാണ് നിയോഗിച്ചിട്ടുള്ളത്.

ഇക്കാര്യം അദ്ദേഹത്തിനു അവതരിച്ചു കിട്ടിയ ഗ്രന്ഥത്തിലും തത്വജ്ഞാനത്തിലും വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അവയത്രയും മുഴുവൻ ജനങ്ങൾക്കും നന്മയും അവരുടെ ഐഹിക പാരത്രിക ജീവിത പ്രശ്നങ്ങൾക്കുള്ള നേർ മാർഗവുമത്രെ. സത്യമായ വിശ്വാസങ്ങളാലും ഉന്നതമായ പ്രവർത്തനങ്ങളാലും ശ്രേഷ്ഠമായ സ്വഭാവങ്ങളാലും മഹത്തായ സംസ്കാരങ്ങളാലും ബന്ധിക്കപ്പെട്ടവയാണ് അവ. പ്രവാചകൻ(സ), പ്രഭാപൂരിതമായ തെളിവുകളുടെ

പാതയിലാണ് തൻെറ സമുദായത്തെ ഏൽപിച്ചിട്ടുള്ളത്.അതിൻെറ രാവുകളും പകൽപോലെത്തന്നെയാണ്; സ്വയം നശിക്കാൻ തീർച്ചപ്പെടുത്തിയവനല്ലാതെ അതിൽ നിന്നും തെററിപ്പോവുകയില്ല.

അല്ലാഹുവിൻെറയും റസൂലിൻെറയും വിളിക്ക് ഉത്തരം ചെയ്ത സൃഷ്ടികളിൽ ഉത്തമരായ സ്വഹാബികളും അവരെ നന്മയിലൂടെ പിൻതുടർന്ന് ജീവിച്ചു പോന്ന പിൻഗാമികളും മേൽ പറയപ്പെട്ട പാതയിലൂടെ സഞ്ചരിച്ചവരാണ്. അവർ ഇസ്ലാമിക ശരീഅത്തിൽ നിലകൊള്ളുകയും പ്രവാചകചര്യകളെ വിശ്വാസത്തിലും ആരാധനയിലും അവലംബിക്കുകയും ചെയ്തു. വിശ്വാസത്തിലും ആരാധനയിലും സ്വഭാവത്തിലും സംസ്കാരത്തിലും ഖുർആനും സുന്നത്തും തങ്ങളുടെ അണപ്പല്ലുകൾ കൊണ്ട് കടിച്ചു പിടിച്ചു മുന്നോട്ടുപോയ കാരണത്താൽ അവർ തന്നെയാണ് സത്യമാർഗത്തിൽ നിലകൊള്ളുന്ന വിഭാഗം. അവരോടു എതിരാവുകയോ അവരെ കയ്യൊഴിക്കുകയോ ചെയ്യുന്ന ഒരാൾക്കും തന്നെ അവരെ ഉപദ്രവിക്കാൻ സാധിക്കുകയില്ല. അന്ത്യനാൾവരെ അവർ ആ സത്യമാർഗത്തിൽ നിലകൊള്ളുക തന്നെ ചെയ്യും.

അല്ലാഹുവിൻെറ അനുഗ്രഹത്താൽ നാമും അവരുടെ പിൻഗാമികളായി ഖുർആനും സുന്നത്തും പിന്തുണക്കുന്ന ആ ചരിത്ര പാതയിലൂടെ പിന്തുടരുന്നു. തീർച്ചയായും അല്ലാഹുവിൻെറ മഹത്തായ

അനുഗ്രഹം തന്നെയാണത്. എല്ലാ വിശ്വാസികളും അങ്ങിനെയായിത്തീരൽ അനിവാര്യവുമാണ്. ഇഹത്തിലും പരത്തിലും സുദൃഢമായ വചനം കൊണ്ട് നമ്മെയും മുഴുവൻ മുസ്ലിംകളെയും അല്ലാഹു സ്ഥിരപ്പെടുത്തിത്തരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. അവൻെറ കരുണാകടാക്ഷം നമ്മിൽ സദാ ചൊരിയുകയും ചെയ്യട്ടെ. തീർച്ചയായും അവൻ ദാനദാതാവ് തന്നെയാകുന്നു.

ഈ രചനയിലൂടെ മുഖ്യമായും ലക്ഷ്യം വെച്ചിട്ടുള്ളത് വളരെ ചുരുങ്ങിയ രൂപത്തിൽ നമ്മുടെ വിശ്വാസത്തെ അതായത് അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിൻെറ വിശ്വാസം വ്യക്തമാക്കുക എന്നുള്ളതാണ്. ഈ വിഷയത്തിൻെറ പ്രാധാന്യവും ജനങ്ങൾക്ക് അതിലുണ്ടായിട്ടുള്ള ഭിന്നിപ്പും വ്യതിയാനവുമാണ് ഇതെഴുതാൻ പ്രേരകമായത്.

അല്ലാഹുവിലും അവൻെറ മാലാഖമാരിലും ഗ്രന്ഥങ്ങളിലും പ്രവാചകൻമാരിലും അന്ത്യദിനത്തിലും നന്മ തിന്മയിലെ വിധിയിലുമുള്ള വിശ്വാസമത്രെ അത്.

അല്ലാഹുവിൻെറ പ്രീതിയും തൃപ്തിയും ലഭ്യമാകും വിധം, ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ ഇത് നിർവ്വഹിക്കാൻ കഴിയട്ടെ. (ആമീൻ) എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു .

# നമ്മുടെ വിശ്വാസം

അല്ലാഹുവിലും അവൻെറ മലക്കുകളിലും ഗ്രന്ഥങ്ങളിലും പ്രവാചകൻമാരിലും അന്ത്യനാളിലും വിധിയിലുമുള്ള വിശ്വാസമാണ് ഇസ്‌ലാമിക വിശ്വാസങ്ങളുടെ അടിത്തറ.

അല്ലാഹുവാണ് നമ്മുടെ രക്ഷകൻ. അവനാണ് എല്ലാ കാര്യങ്ങളും നിയന്ത്രിക്കുന്നത് അവൻ എല്ലാററിൻെറയും ഉടമസ്ഥനും സൃഷ്ടാവും സംരക്ഷകനുമാണ്.

അല്ലാഹു മാത്രമാണ് നമ്മുടെ എല്ലാ ആരാധനകൾക്കും അർഹൻ. അവൻ മാത്രമാണ് യഥാർത്ഥ ആരാധ്യൻ. അവനല്ലാതെ മററ് ആർക്കെല്ലാം ആരാധനകൾ അർപ്പിക്കുന്നുണ്ടോ അവയെല്ലാം നിരർത്ഥകമാണ്.

നിശ്ചയം അല്ലാഹുവിന് മഹത്തായ നാമങ്ങളും ഉന്നതമായ വിശേഷണങ്ങളുമുണ്ട്.

## അല്ലാഹുവിൻെറ ഏകത്വം

മേൽപറയപ്പെട്ട കാര്യങ്ങളിൽ അതായത് രക്ഷാകർതൃത്വത്തിലും, ആരാധനയിലും, നാമവിശേഷണങ്ങളിലും അവൻ ഏകനും പങ്കാരില്ലാത്തവനും അതുല്യനുമാണ്.

അല്ലാഹു പറയുന്നു:

﴿ رَبُّ السَّمَاوَاتِ وَالأَرْضِ وَمَا بَيْنَهُمَا فَاعْبُدْهُ وَاصْطَبِرْ لِعِبَادَتِهِ هَلْ تَعْلَمُ لَهُ سَمِيًّا﴾ (سورة مريم ٦٥ )

"ആകാശങ്ങളുടെയും ഭൂമിയുടെയും അവക്കിടയിലുള്ളതിൻെറയും രക്ഷിതാവത്രെ അവൻ. അതിനാൽ താങ്കൾ അവനെ ആരാധിക്കുകയും അവനുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചുനിൽക്കുകയും ചെയ്യുക. അവന് പേരൊത്ത ആരെയെങ്കിലും നിങ്ങൾക്ക് അറിയുമോ .? " (മറിയം : 65)

﴿ اللَّهُ لاَ إِلَهَ إِلاَّ هُوَ الْحَيُّ الْقَيُّومُ لاَ تَأْخُذُهُ سِنَةٌ وَلاَ نَوْمٌ لَّهُ مَا فِي السَّمَاوَاتِ وَمَا فِي الأَرْضِ مَن ذَا الَّذِي يَشْفَعُ عِنْدَهُ إِلاَّ بِإِذْنِهِ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلاَ يُحِيطُونَ بِشَيْءٍ مِّنْ عِلْمِهِ إِلاَّ بِمَا شَاء وَسِعَ كُرْسِيُّهُ السَّمَاوَاتِ وَالأَرْضَ وَلاَ يَؤُودُهُ حِفْظُهُمَا وَهُوَ الْعَلِيُّ الْعَظِيمُ ﴾ ( سورة البقرة ٢٥٥)

"അല്ലാഹു അവനല്ലാതെ ആരാധ്യനില്ല. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിക്കുന്നവനുമാണ്. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവൻേറതാണ് ആകാശ ഭൂമികളിലുള്ളതെല്ലാം. അവൻെറ അനുവാദപ്രകാരമല്ലാതെ അവൻെറയടുക്കൽ ശുപാർശ നടത്താൻ ആരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവൻെറ അറിവിൽ

നിന്ന് അവൻ ഇഛരിക്കുന്നതല്ലാതെ (മററൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാരപീഠം ആകാശ ഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു; അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമാകുന്നു''. (സൂറ ബഖറ: 255)

﴿ هُوَ اللَّهُ الَّذِي لا إِلَهَ إِلاَّ هُوَ عَالِمُ الْغَيْبِ وَالشَّهَادَةِ هُوَ الرَّحْمَنُ الرَّحِيمُ ۞هُوَ اللَّهُ الَّذِي لا إِلَهَ إِلاَّ هُوَ الْمَلِكُ الْقُدُّوسُ السَّلامُ الْمُؤْمِنُ الْمُهَيْمِنُ الْعَزِيزُ الْجَبَّارُ الْمُتَكَبِّرُ سُبْحَانَ اللَّهِ عَمَّا يُشْرِكُونَ ۞ هُوَ اللَّهُ الْخَالِقُ الْبَارِئُ الْمُصَوِّرُ لَهُ الأَسْمَاءُ الْحُسْنَى يُسَبِّحُ لَهُ مَا فِي السَّمَوَاتِ وَالأَرْضِ وَهُوَ الْعَزِيزُ الْحَكِيمُ ﴾ (سورة الحشر ٢٢/٢٣/٢٤)

''താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാണവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാണ്. അവനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്ത അല്ലാഹുവാണവൻ. രാജാധികാരമുള്ളവനും പരമ പരിശുദ്ധനും സമാധാനം നൽകുന്നവനും അഭയം നൽകുന്നവനും മേൽനോട്ടം വഹിക്കുന്നവനും പ്രതാപിയും പരമാധികാരിയും മഹത്വമുള്ളവനും ആകുന്നു അവൻ. അവർ പങ്ക് ചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ! സ്രഷ്ടാവും നിർമ്മാതാവും രൂപം നൽ

കുന്നവനുമായ അല്ലാഹുവത്രെ അവൻ. അവന് ഏററവും ഉത്തമമായ നാമങ്ങളുണ്ട്. ആകാശങ്ങളിലും ഭൂമിയിലുമുള്ളവ അവൻെറ മഹത്വത്തെ പ്രകീർ ത്തിക്കുന്നു. അവനത്രെ പ്രതാപിയും യുക്തിമാ നും.'' (ഹശ്ർ : 22, 23, 24 )

## ആകാശ ഭൂമികളുടെ ആധിപത്യം അവനത്രെ

﴿ لِلَّهِ مُلْكُ السَّمَوَاتِ وَالأَرْضِ يَخْلُقُ مَا يَشَاءُ يَهَبُ لِمَنْ يَشَاءُ إِنَاثًا وَيَهَبُ لِمَنْ يَشَاءُ الذُّكُورَ ۞ أَوْ يُزَوِّجُهُمْ ذُكْرَانًا وَإِنَاثًا وَيَجْعَلُ مَنْ يَشَاءُ عَقِيمًا إِنَّهُ عَلِيمٌ قَدِيرٌ ﴾ ( الشورى ٤٩ , ٥٠)

''അല്ലാഹുവിനാകുന്നു ആകാശഭൂമികളുടെ ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ആൺമക്കളെ പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് ആൺമക്കളേയും പെൺമക്കളേയും ഇടകലർത്തിക്കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവ്വജ്ഞനും സർവ്വ ശക്തനുമാകുന്നു.'' (ശൂറാ : 49,50 )

﴿ ...لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ ۞ لَهُ مَقَالِيدُ السَّمَوَاتِ وَالأَرْضِ يَبْسُطُ الرِّزْقَ لِمَنْ يَشَاءُ وَيَقْدِرُ إِنَّهُ بِكُلِّ شَيْءٍ عَلِيمٌ ﴾ ( سورة الشورى ١١، ١٢ )

"...അവനു തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും താക്കോലുകൾ അവൻെറ അധീനത്തിലാകുന്നു. അവനുദ്ദേശിക്കുന്നവർക്ക് അവൻ ഉപജീവനം വിശാലമാക്കുന്നു. (മററുള്ളവർക്ക്) അവൻ അത് ഇടുങ്ങിയതാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ ഏത് കാര്യത്തെപ്പററിയും അറിവുള്ളവനാകുന്നു."
(ശൂറാ : 11,12)

﴿ وَمَا مِنْ دَابَّةٍ فِي الأَرْضِ إِلاَّ عَلَى اللَّهِ رِزْقُهَا وَيَعْلَمُ مُسْتَقَرَّهَا وَمُسْتَوْدَعَهَا كُلٌّ فِي كِتَابٍ مُبِينٍ ﴾ (سورة هود : ٦)

"ഭൂമിയിൽ ഏതൊരു ജീവിയും അതിൻെറ ഉപജീവനം അല്ലാഹു ബാധ്യത ഏററതായിട്ടല്ലാതെ ഇല്ല. അവയുടെ താമസസ്ഥലവും സൂക്ഷിപ്പുസ്ഥലവും അവൻ അറിയുന്നു. എല്ലാം സ്പഷ്ടമായ ഒരു രേഖയിലുണ്ട്." (ഹൂദ് : 6)

﴿ وَعِنْدَهُ مَفَاتِحُ الْغَيْبِ لا يَعْلَمُهَا إِلاَّ هُوَ وَيَعْلَمُ مَا فِي الْبَرِّ وَالْبَحْرِ وَمَا تَسْقُطُ مِنْ وَرَقَةٍ إِلاَّ يَعْلَمُهَا وَلاَ حَبَّةٍ فِي ظُلُمَاتِ الأَرْضِ وَلاَ رَطْبٍ وَلاَ يَابِسٍ إِلاَّ فِي كِتَابٍ مُبِينٍ ﴾ (سورة الأنعام ٥٩)

"അവൻെറ പക്കലാകുന്നു അദൃശ്യത്തിൻെറ താക്കോലുകൾ അവനല്ലാതെ അവ അറിയുകയില്ല. ക

രയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവ ൻ അറിയാതെ ഒരു ഇലപോലും വീഴുന്നില്ല. ഭൂമി യിലെ ഇരുട്ടുകൾക്കുള്ളിലെ ഒരു ധാന്യമണിയാ കട്ടെ, പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വ സ്തുവാകട്ടെ വ്യക്തമായ ഒരു രേഖയിൽ എഴുത പ്പെട്ടതായിട്ടല്ലാതെ (ഉണ്ടാവില്ല).'' (അൻആം : 59)

﴿ إِنَّ اللَّهَ عِنْدَهُ عِلْمُ السَّاعَةِ وَيُنَزِّلُ الْغَيْثَ وَيَعْلَمُ مَا فِي الأَرْحَامِ وَمَا تَدْرِي نَفْسٌ مَاذَا تَكْسِبُ غَدًا وَمَا تَدْرِي نَفْسٌ بِأَيِّ أَرْضٍ تَمُوتُ ﴾ (سورة لقمان ٣٤)

''തീർച്ചയായും അല്ലാഹുവിൻെറ പക്കലാണ് അ ന്ത്യ സമയത്തെ സംബന്ധിച്ചുള്ള അറിവ്. അവൻ മഴവർഷിപ്പിക്കുന്നു. ഗർഭാശയങ്ങളിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു. നാളെ താൻ എന്താണ് പ്രവർത്തിക്കുക എന്ന് ഒരാളും അറിയുകയില്ല. താ ൻ ഏത് നാട്ടിൽ വെച്ചാണ് മരിക്കുക എന്നും ഒരാ ളും അറിയുകയില്ല.'' (ലുഖ്മാൻ: 34)

## അല്ലാഹുവിൻെറ സംസാരം

അല്ലാഹു ഉദ്ദേശിക്കുമ്പോൾ അവൻ ഉദ്ദേശിക്കുന്ന കാര്യം അവനുദ്ദേശിക്കുന്നവിധം സംസാരിക്കുന്ന വനാണ്.

﴿وَكَلَّمَ اللَّهُ مُوسَى تَكْلِيمًا ﴾ (سورة النساء ١٦٤)

''മൂസയോട് അല്ലാഹു നേരിട്ടു സംസാരിക്കുകയും ചെയ്തു.'' (നിസാഅ് : 164 )

﴿ وَلَمَّا جَاءَ مُوسَى لِمِيقَاتِنَا وَكَلَّمَهُ رَبُّهُ ﴾ (سورة الأعراف ١٤٣ )

''നമ്മുടെ നിശ്ചിതസമയത്ത് മൂസ വരികയും അദ്ദേഹത്തിൻെറ രക്ഷിതാവ് അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തു.'' ( അഅ്റാഫ് : 143 )

﴿ وَنَادَيْنَاهُ مِنْ جَانِبِ الطُّورِ الأَيْمَنِ وَقَرَّبْنَاهُ نَجِيًّا ﴾ (سورة مريم ٥٢)

''പർവ്വതത്തിൻെറ വലതു ഭാഗത്ത്നിന്ന് നാം അദ്ദേഹത്തെ വിളിക്കുകയും രഹസ്യ സംഭാഷണത്തിനായി നാം അദ്ദേഹത്തിന് സാമീപ്യം നൽകുകയും ചെയ്തു.'' (സൂറ മറിയം : 52)

﴿ لَوْ كَانَ الْبَحْرُ مِدَادًا لِكَلِمَاتِ رَبِّي لَنَفِدَ الْبَحْرُ قَبْلَ أَنْ تَنْفَدَ كَلِمَاتُ رَبِّي ﴾ (سورة الكهف ١٠٩ )

''സമുദ്രജലം എൻെറ രക്ഷിതാവിൻെറ വചനങ്ങൾ എഴുതാനുള്ള മഷിയായിരുന്നുവെങ്കിൽ എൻെറ രക്ഷിതാവിൻെറ വചനങ്ങൾ തീരുന്നതിനു മുമ്പായി സമുദ്രജലം തീർന്നു പോകുകതന്നെ ചെയ്യുമായിരുന്നു.'' (കഹ്ഫ്: 109)

﴿ وَلَوْ أَنَّمَا فِي الأَرْضِ مِنْ شَجَرَةٍ أَقْلامٌ وَالْبَحْرُ يَمُدُّهُ مِنْ بَعْدِهِ

سَبْعَةُ أَبْحُرٍ مَا نَفِدَتْ كَلِمَاتُ اللَّهِ إِنَّ اللَّـهَ عَزِيـزٌ حَكِـيمٌ ﴾ (سورة لقمان ٢٧)

"ഭൂമിയിലുള്ള വൃക്ഷമെല്ലാം പേനയായിരിക്കുകയും സമുദ്ര ജലം മഷിയാവുകയും അതിനുപുറമെ ഏഴ് സമുദ്രങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്താലും അല്ലാഹുവിൻെറ വചനങ്ങൾ എഴുതി ത്തീരുകയില്ല. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു." (ലുഖ്മാൻ : 27)

തീർച്ചയായും അല്ലാഹുവിൻെറ വചനങ്ങൾ വാർത്തകളിൽ പൂർണ്ണ സത്യതയും, തത്വങ്ങളിൽ നീതി പൂർണ്ണവും, സംസാരത്തിൽ ഉത്തമവുമായതാണ്.

﴿ وَتَمَّتْ كَلِمَةُ رَبِّكَ صِدْقًا وَعَدْلًا ﴾ (سورة الأنعام ١١٥)

"നിൻെറ രക്ഷിതാവിൻെറ വചനം സത്യത്തിലും നീതിയിലും പരിപൂർണമായിരിക്കുന്നു."
(അൻആം : 115)

﴿ وَمَنْ أَصْدَقُ مِنَ اللَّهِ حَدِيثًا ﴾ (سورة النساء ٨٧ )

"അല്ലാഹുവേക്കാൾ സത്യസന്ധമായി വിവരം നൽകുന്നവനായി ആരുണ്ട്.?" (നിസാഅ് 87)

തീർച്ചയായും ഖുർആൻ അല്ലാഹുവിൻെറ കലാം (സംസാരം) ആകുന്നു. സത്യസന്ധമായി അവൻ സംസാരിക്കുകയും അത് ജിബ്രീൽ(അ)ന് ഇട്ടു

കൊടുക്കുകയും ജിബ്രീൽ(അ) അതുമായി പ്രവാചകൻ (സ)യുടെ ഹൃദയത്തിലേക്ക് ഇറങ്ങുകയും ചെയ്തതാണ്.

﴿ قُلْ نَزَّلَهُ رُوحُ الْقُدُسِ مِنْ رَبِّكَ بِالْحَقِّ ﴾ (سورة النحل ١٠٢)

“പറയുക നിന്റെ രക്ഷിതാവിൽ നിന്നുള്ള സത്യവുമായി പരിശുദ്ധാത്മാവ് നിന്റെ രക്ഷിതാവിൽ നിന്ന് അത് ഇറക്കിയിരിക്കുന്നു. ” (നഹ്ൽ : 102)

﴿ وَإِنَّهُ لَتَنْزِيلُ رَبِّ الْعَالَمِينَ ۝ نَزَلَ بِهِ الرُّوحُ الْأَمِينُ ۝ عَلَى قَلْبِكَ لِتَكُونَ مِنَ الْمُنْذِرِينَ ۝ بِلِسَانٍ عَرَبِيٍّ مُبِينٍ ﴾ (الشعراء ١٩٢ـ١٩٥)

“തീർച്ചയായും ഇത് (ഖുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു. വിശ്വസ്താത്മാവ് (ജിബ്രീൽ) നിന്റെ ഹൃദയത്തിൽ അതുമായി ഇറങ്ങിയിരിക്കുന്നു. നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിലായിരിക്കാൻ വേണ്ടിയത്രെ അത്. വ്യക്തമായ അറബിഭാഷയിലാണ് (അത് അവതരിപ്പിച്ചത്).”

(ശുഅറാഅ് : 192 — 194)

## അല്ലാഹു ഉന്നതനാണ്

അല്ലാഹു തൻെറ സൃഷ്ടികളിൽ നിന്ന് തൻെറ അസ്തിത്വത്തിലും വിശേഷണങ്ങളിലും ഉന്നതനാകുന്നു

﴿ وَهُوَ الْعَلِيُّ الْعَظِيمُ ﴾ (البقرة ٢٥٥)

"അവൻ ഉന്നതനും മഹാനുമത്രെ." (സൂറ ബഖറ : 255 )

﴿ وَهُوَ الْقَاهِرُ فَوْقَ عِبَادِهِ وَهُوَ الْحَكِيمُ الْخَبِيرُ ﴾ ( سورةالأنعام ١٨)

"അവൻ തൻെറ അടിമകളുടെ മേൽ പരമാധികാരമുള്ളവനാണ്. അവൻ യുക്തിമാനും സൂക്ഷ്ജ്ഞനുമാണ്." (അൻആം : 18)

﴿ خَلَقَ السَّمَوَاتِ وَالأَرْضَ فِي سِتَّةِ أَيَّامٍ ثُمَّ اسْتَوَى عَلَى الْعَرْشِ يُدَبِّرُ الأَمْرَ ﴾ (سورة يونس ٣ )

"അവൻ ആകാശങ്ങളേയും ഭൂമിയേയും ആറ് ദിവസങ്ങളിലായി സൃഷ്ടിക്കുകയും പിന്നീട് കാര്യങ്ങൾ നിയന്ത്രിച്ചുകൊണ്ട് സിംഹാസനസ്ഥനാവുകയും ചെയ്തു." (യൂനുസ് : 3)

അല്ലാഹു സിംഹാസനസ്ഥനായി എന്നത് അവൻെറ മഹത്വത്തിനും പദവിക്കും അനുയോജ്യമാം വിധം ദാത്തോ (അസ്തിത്വോ) ടുകൂടിയും, അവന്

പ്രത്യേകമായ വിധത്തിലുള്ളതും ആണ്. അതിൻെറ രൂപം അവന് മാത്രമേ അറിഞ്ഞുകൂടു എന്നും നാം വിശ്വസിച്ചിരിക്കേണ്ടതാണ്.

അല്ലാഹു സിംഹാസനത്തിന്മേലായിരിക്കെതന്നെ തൻെറ സൃഷ്ടികളോടൊപ്പം സൃഷ്ടികളുടെ സ്ഥിതിഗതികൾ അറിയുന്നു. അവരുടെ വാക്കുകൾ കേൾക്കുന്നു, പ്രവൃത്തികൾ കാണുന്നു, അവരുടെ കാര്യങ്ങൾ നിയന്ത്രിക്കുന്നു, ആവശ്യക്കാരന് നൽകുന്നു, വൈകല്യങ്ങൾ പരിഹരിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അധികാരം നൽകുന്നു, അവനുദ്ദേശിക്കുന്നവരിൽ നിന്ന് അധികാരം നീക്കിക്കളയുന്നു, അവൻ ഉദ്ദേശിക്കുന്നവരെ പ്രതാപവാന്മാരാക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ നികൃഷ്ടരാക്കുന്നു. അവൻെറ കൈകളിലാണ് എല്ലാ നന്മയും. അവൻ എല്ലാററിനും ശക്തനുമാകുന്നു.

ഇവയെല്ലാം സൃഷ്ടികളോടൊപ്പം യാഥാർത്ഥ്യമായിക്കൊണ്ട് തന്നെ നിർവഹിക്കുമ്പോൾ അവർക്ക് മുകളിൽ സിംഹാസനസ്ഥനായിരിക്കുന്നു എന്നതും യാഥാർത്ഥ്യമാണ് എന്നും നാം വിശ്വസിക്കേണ്ടതാണ്.

﴿ لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ ﴾ (سورة الشورى ١١)

"അവനെപ്പോലെ ഒന്നും തന്നെയില്ല അവൻ എല്ലാം

കാണുന്നവനും കേൾക്കുന്നവനുമാകുന്നു.''
(ശൂറാ : 11)

എന്നാൽ ജഹ്മികളിലെ അവതാരവാദികളും മ ററും പറയുന്നപോലെ അല്ലാഹു സൃഷ്ടികളോടൊ പ്പം ഭൂമിയിൽ തന്നെയാണ്, അവൻ എല്ലയിടത്തുമു ണ്ട്, എന്ന് പറഞ്ഞുകൂടാത്തതാണ്. അപ്രകാരം പറ യുന്നവർ നിഷേധികളും പിഴച്ചവരുമാകുന്നു. കാര ണം അത് അല്ലാഹുവിൻെറ പരിപൂർണ്ണതക്ക് ഭംഗം വരുത്തുന്ന വിശേഷണങ്ങളിൽ പെട്ടതാണ്. എന്നാ ൽ നബി(സ) അറിയിച്ചുതന്ന കാര്യങ്ങൾ അിറ യിച്ചപ്രകാരം നാം വിശ്വസിച്ചേ പററൂ.

يَنْزِلُ رَبُّنَا كُلَّ لَيْلَةٍ إِلَى السَّمَاءِ الدُّنْيَا حِينَ يَبْقَى ثُلُثُ اللَّيْلِ الأَخِيرِ فَيَقُولُ مَنْ يَدْعُونِي فَاسْتَجِيبُ لَهُ مَنْ يَسْأَلُنِي فَأُعْطِيهِ مَنْ يَسْتَغْفِرُنِي فَأَغْفِرُ لَهُ ( متفق عليه )

''നമ്മുടെ രക്ഷിതാവ് എല്ലാരാത്രികളിലും രാത്രി യുടെ മൂന്നിലൊരുഭാഗം ബാക്കിനിൽക്കേ ഒന്നാം ആകാശത്തിലേക്ക് ഇറങ്ങിവരികയും ഇപ്രകാരം പറയുകയുംചെയ്യും, ''ആര് എന്നോട് പ്രാർത്ഥി ക്കുന്നുവോ അവന്ന് ഞാൻ ഉത്തരം നൽകും ആര് എന്നാട് ചോദിക്കുന്നുവോ അവന്ന് ഞാൻനൽകും, ആര് എന്നോട് പാപമോചനം തേടുന്നുവോ അവ ന്ന് ഞാൻ പൊറുത്തു കൊടുക്കും.''(മുതഫഖുൻ അലൈഹി)

## അവൻ അന്ത്യദിനത്തിൽ അടിമകൾക്കിടയിൽ തീർപ്പ് കൽപ്പിക്കാൻ വരികതന്നെ ചെയ്യും

﴿ كَلا إِذَا دُكَّتِ الأَرْضُ دَكًّا دَكًّا ۞ وَجَاءَ رَبُّكَ وَالْمَلَكُ صَفًّا صَفًّا ۞ وَجِيءَ يَوْمَئِذٍ بِجَهَنَّمَ يَوْمَئِذٍ يَتَذَكَّرُ الإِنسَانُ وَأَنَّى لَهُ الذِّكْرَى ﴾ (الفجر ٢١-٢٣)

''അല്ലാ, ഭൂമി പൊടിപൊടിയായി പൊടിക്കപ്പെടുകയും, നിൻെറ രക്ഷിതാവും അണിയണിയായി മലക്കുകളും വരികയും, അന്ന് നരകം കൊണ്ടു വരപ്പെടുകയും ചെയ്താൽ ! അന്ന് മനുഷ്യന് ഓർമ്മ വരുന്നതാണ്; എവിടെ നിന്നാണ് അന്ന് അവന്ന് ഓർമ്മ വരുന്നത്. (അൽ ഫജ്ർ : 21..23)

## അവൻ യഥേഷ്ടം പ്രവർത്തിക്കുന്നവനാകുന്നു

﴿ فَعَّالٌ لِمَا يُرِيدُ ﴾ (سورة البروج ١٦)

''താൻ ഉദ്ദേശിക്കുന്നതെന്തോ അത് തികച്ചും പ്രവർത്തിക്കുന്നവനുമാണ്.'' (ബുറൂജ് :16)

## അല്ലാഹുവിൻെറ ഉദ്ദേശങ്ങൾ

ഒന്ന് : കൗനിയ്യത്ത് (പ്രാപഞ്ചികം): അത് മുഖേന അവൻെറ ഉദ്ദേശങ്ങൾ സംഭവിക്കുമെങ്കിലും അത്

അവന് ഇഷ്ടപ്പെട്ടതായിക്കൊള്ളണമെന്നില്ല.

﴿ ولَوْ شَاءَ اللَّهُ مَا اقْتَتَلُوا ولَكِنَّ اللَّهَ يَفْعَلُ مَا يُرِيدُ ﴾ (البقرة ٢٥٣)

"അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ പോരടിക്കുമായിരുന്നില്ല. പക്ഷെ അല്ലാഹു താൻ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നു." (അൽ ബഖറ : 253)

രണ്ട് : ശറഇയ്യത്ത് (നിയമപരം): അത് മുഖേന അവൻെറ ഉദ്ദേശം സംഭവിക്കൽ അനിവാര്യമായിത്തീരുന്നില്ല. എന്നാൽ ഉദ്ദേശം അവന് ഇഷ്ടപ്പട്ടതായിക്കൊണ്ടല്ലാതെ ഉണ്ടാകുന്നില്ല.

﴿والله يُرِيدُ أنْ يَتُوبَ عَلَيْكُمْ ﴾ (النساء ٢٧ )

"അല്ലാഹു നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു." (നിസാഅ് : 27)

എന്നാൽ അല്ലാഹുവിൻെറ തീരുമാനങ്ങൾ നിയമപരമായാലും പ്രാപഞ്ചികമായാലും അത് അവൻെറ യുക്തിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് ഉണ്ടാകുന്നത്.

അപ്പോൾ സ്വാഭാവികമായും അവൻ ഉണ്ടാകണം എന്ന് വിധിക്കുന്നതും നിയമപരമായി തൻെറ അടിമകൾ കീഴ്പ്പെടുന്നതും തൻെറ യുക്തിയുടെ അടിസ്ഥാനത്തിൽ മാത്രമാണ്; ആ യുക്തിയെപററി

മനസ്സിലാക്കാൻ ചിലപ്പോൾ നമുക്ക് കഴിഞ്ഞെന്ന് വരാം, അല്ലെങ്കിൽ നമ്മുടെ ബുദ്ധിയുടെ കഴിവുകൾ അതിനു മുമ്പിൽ അപര്യാപ്ത മായതായേക്കാം.

﴿ أَلَيْسَ اللَّهُ بِأَحْكَمِ الْحَاكِمِينَ ﴾ (سورة التين ٨)

"അല്ലാഹു വിധികർത്താക്കളിൽ വെച്ച് ഏററവും വലിയ വിധികർത്താവ് അല്ലയോ ?" (തീൻ : 8)

﴿ وَمَنْ أَحْسَنُ مِنَ اللَّهِ حُكْمًا لِقَوْمٍ يُوقِنُونَ ﴾ (سورة المائدة ٥٠)

"ദൃഢവിശ്വാസികളായ ജനങ്ങൾക്ക് അല്ലാഹുവേക്കാൾ നല്ല വിധികർത്താവ് ആരാണുള്ളത്.?"
(മാഇദ : 50)

## അല്ലാഹുവിൻെറ സ്നേഹം

അല്ലാഹു തൻെറ ദാസൻമാരെ സ്നേഹിക്കുന്നു. അവർ അവനേയും സ്നേഹിക്കുന്നു.

﴿ قُلْ إِنْ كُنْتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ ﴾
(سورة آل عمران ٣١)

"(നബിയെ) പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എന്നാൽ അല്ലാഹു നിങ്ങളെയും സ്നേഹിക്കും." (ആലു ഇംറാൻ: 31)

﴿ فَسَوْفَ يَأْتِي اللَّهُ بِقَوْمٍ يُحِبُّهُمْ وَيُحِبُّونَهُ ﴾ (سورة المائدة ٥٤)

"അല്ലാഹു ഇഷ്ടപ്പെടുന്നവരും, അല്ലാഹുവെ ഇഷ്ടപ്പെടുന്നവരുമായ മറെറാരു വിഭാഗത്തെ അല്ലാഹു പകരം കൊണ്ടുവരുന്നതാണ്." (മാഇദ : 54 )

﴿ وَاللَّهُ يُحِبُّ الصَّابِرِينَ ﴾ ( سورة آل عمران ١٤٦)

"അല്ലാഹു ക്ഷമാശീലരെ ഇഷ്ടപ്പെടുന്നു."
(ആലുഇംറാൻ : 146)

﴿ وَأَقْسِطُوا إِنَّ اللَّهَ يُحِبُّ الْمُقْسِطِينَ ﴾ (سورة الحجرات ٩)

"നിങ്ങൾ നീതി പാലിക്കുക നിശ്ചയം അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു." (സൂറ ഹുജ്റാത്ത് : 9)

﴿ وَأَحْسِنُوا إِنَّ اللَّهَ يُحِبُّ الْمُحْسِنِينَ ﴾ (سورة البقرة ١٩٥)

"നിങ്ങൾ നല്ലത് പ്രവർത്തിക്കുക. തീർച്ചയായും അല്ലാഹു നന്മ പ്രവർത്തിക്കുന്നവരെ ഇഷ്ടപ്പെടുക തന്നെ ചെയ്യും." (ബഖറ : 195)

## അല്ലാഹുവിൻെറ തൃപ്തിയും വെറുപ്പും

അല്ലാഹു, അവൻ നിയമമാക്കിയിട്ടുള്ള പ്രവർത്തനങ്ങളെയും വാക്കുകളെയും തൃപ്തിപ്പെടുകയും അ

വൻ വിരോധിച്ച കാര്യങ്ങളെ വെറുക്കുകയും ചെയ്യുന്നു.

﴿ إِنْ تَكْفُرُوا فَإِنَّ اللَّهَ غَنِيٌّ عَنْكُمْ وَلاَ يَرْضَى لِعِبَادِهِ الْكُفْرَ وَإِنْ تَشْكُرُوا يَرْضَهُ لَكُمْ ﴾ (سورة الزمر ٧)

"നിങ്ങൾ നന്ദികേട് കാണിക്കുന്നുവെങ്കിൽ തീർച്ചയായും അല്ലാഹു നിങ്ങളുടെ ആശ്രയത്തിൽ നിന്ന് മുക്തനാകുന്നു. തൻെറ ദാസൻമാർ നന്ദികേട് കാണിക്കുന്നത് അവൻ തൃപ്തിപ്പെടുകയില്ല. നിങ്ങൾ നന്ദികാണിക്കുന്ന പക്ഷം നിങ്ങളോട് അവൻ അത് മുഖേന സംതൃപ്തനുമായിരിക്കും." (സുമർ : 7)

﴿ وَلَكِنْ كَرِهَ اللَّهُ انْبِعَاثَهُمْ فَثَبَّطَهُمْ وَقِيلَ اقْعُدُوا مَعَ الْقَاعِدِينَ ﴾ (سورة التوبة ٤٦ )

"പക്ഷെ അവരുടെ പുറപ്പാട് അല്ലാഹു വെറുത്തത് കൊണ്ട് അവരെ പിന്തിരിപ്പിച്ചു നിറുത്തിയിരിക്കുകയാണ്. മൂടങ്ങിയിരിക്കുന്നവരോടൊപ്പം നിങ്ങളും ഇരുന്ന് കൊള്ളുക. എന്ന് അവരോട് പറയപ്പെടുകയും ചെയ്തു."(തൗബ : 46)

## അല്ലാഹുവിൻെറ ഇഷ്ടം

വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു.

﴿ رَضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ ذَٰلِكَ لِمَنْ خَشِيَ رَبَّهُ﴾ (سورة البينة ٨)

“അല്ലാഹു അവരെപ്പററിയും, അവർ അവനെപ്പ ററിയും തൃപ്തിപ്പെട്ടിരിക്കുന്നു ഏതൊരുവൻ ത ൻെറ രക്ഷിതാവിനെ ഭയപ്പെടുന്നുവോ അവനുള്ള താകുന്നു അത്.” (ബയ്യിന : 8 )

## അല്ലാഹുവിൻെറ കോപം

അല്ലാഹു അവിശ്വാസികളിൽ നിന്നു കോപത്തിന് അർഹരാകുന്നവരോട് കോപിക്കുന്നവനാണ്.

﴿ الظَّانِّينَ بِاللَّهِ ظَنَّ السَّوْءِ عَلَيْهِمْ دَائِرَةُ السَّوْءِ وَغَضِبَ اللَّهُ عَلَيْهِمْ ﴾ (الفتح ٦)

“അല്ലാഹുവെപ്പററി തെററായ ധാരണ വെച്ചുപുലർ ത്തുന്നവരുടെ മേൽ തിന്മയുടെ വലയമുണ്ട്. അല്ലാ ഹു അവരോട് കോപിക്കുകയും ചെയ്തിരിക്കു ന്നു.” (ഫത്ഹ് : 6)

﴿ وَلَٰكِن مَّن شَرَحَ بِالْكُفْرِ صَدْرًا فَعَلَيْهِمْ غَضَبٌ مِّنَ اللَّهِ وَلَهُمْ عَذَابٌ عَظِيمٌ ﴾ (سورةالنحل ١٠٦)

“എന്നാൽ തുറന്ന മനസ്സോടെ അവിശ്വാസം സ്വീ കരിച്ചവർ ആരോ അവരുടെമേൽ അല്ലാഹുവിങ്കൽ നിന്നുള്ള കോപമുണ്ടായിരിക്കും. അവർക്ക്

ഭയങ്കരമായ ശിക്ഷയുമുണ്ടായിരിക്കും.'' (നഹ്ൽ : 106)

## അല്ലാഹുവിൻെറ മുഖം

തീർച്ചയായും അല്ലാഹുവിന് മഹത്വം കൊണ്ടും ഔദാര്യം കൊണ്ടും വിശേഷിപ്പിക്കപ്പെട്ട മുഖമുണ്ട്.

﴿ وَيَبْقَى وَجْهُ رَبِّكَ ذُو الْجَلَالِ وَالْإِكْرَامِ ﴾ (سورةالرحمن ٢٧)

''മഹത്വവും ഉദാരതയും ഉള്ളവനായ നിൻെറ രക്ഷിതാവിൻെറ മുഖം അവശേഷിക്കുന്നതാണ്.''
(റഹ്മാൻ : 27)

## അല്ലാഹുവിൻെറ കൈകൾ

അല്ലാഹുവിന് മഹത്വവും ഔദാര്യവുമുള്ള രണ്ട് കൈകൾ ഉണ്ട്.

﴿ بَلْ يَدَاهُ مَبْسُوطَتَانِ يُنْفِقُ كَيْفَ يَشَاءُ ﴾ (سورة المائدة ٦٤)

''എന്നാൽ അവൻെറ ഇരു കൈകളും നിവർത്തപ്പെട്ടവയാണ്. അവൻ ഉദ്ദേശിക്കുന്നവിധം അവൻ ചിലവഴിക്കുന്നു.'' (മാഇദ : 64)

﴿ وَمَا قَدَرُوا اللَّهَ حَقَّ قَدْرِهِ وَالْأَرْضُ جَمِيعًا قَبْضَتُهُ يَوْمَ الْقِيَامَةِ وَالسَّمَاوَاتُ مَطْوِيَّاتٌ بِيَمِينِهِ سُبْحَانَهُ وَتَعَالَى عَمَّا يُشْرِكُونَ ﴾ ( سورة الزمر ٦٧)

"അല്ലാഹുവെ കണക്കാക്കേണ്ട നിലയിൽ അവർ കണക്കാക്കിയിട്ടില്ല. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ ഭൂമി മുഴുവനും അവന്റെ ഒരു പിടിയിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവന്റെ വലതുകയ്യിൽ ചുരുട്ടിപ്പിടിക്കപ്പെട്ടവയുമായിരിക്കും. അവനത്രെ പരിശുദ്ധൻ!. അവർ പങ്ക്ചേർക്കുന്നതിൽ നിന്നെല്ലാം അവൻ ഉന്നതനായിരിക്കുന്നു."(സൂറ സുമർ : 67)

## അല്ലാഹുവിന്റെ കണ്ണുകൾ

നിശ്ചയമായും അല്ലാഹുവിന് യഥാർത്ഥത്തിലുള്ള രണ്ട് കണ്ണുകൾ ഉണ്ട്.

﴿ وَاصْنَعِ الْفُلْكَ بِأَعْيُنِنَا وَوَحْيِنَا ﴾ (سورة هود ٣٧)

"നമ്മുടെ നിർദ്ദേശത്തിലും കൺമുന്നിലും നീ കപ്പൽ നിർമ്മിക്കുക." (ഹൂദ് : 37)

وَقَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ حِجَابُهُ النُّورُ لَوْ كَشَفَهُ لأَحْرَقَتْ سَبْحَاتُ وَجْهِهِ مَاانْتَهَى إِلَيْهِ بَصَرُهُ مِنْ خَلْقِهِ (مسلم)

"നബി(സ) പറഞ്ഞു: അവന്റെ മൂടുപടം പ്രകാശമാണ്. അതെങ്ങാനും അവൻ വെളിവാക്കിയാൽ അവന്റെ മുഖ പ്രകാശം അവന്റെ സൃഷ്ടികളിൽ നിന്നും അവന്റെ ദൃഷ്ടി എത്തുന്ന എല്ലാററിനേയും കരിച്ചുകളയുകതന്നെ ചെയ്യും." (മുസ്ലിം)

അല്ലാഹുവിന് രണ്ട് കണ്ണുകളുണ്ടെന്ന അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിൻെറ ഏകകൺഠമായ വീക്ഷണത്തെ നബി(സ)യുടെ താഴെ പറയുന്ന ഹദീസും ശക്തിപ്പെടുത്തുന്നുണ്ട്.

നബി (സ) ദജ്ജാലിനെ സംബന്ധിച്ച് പറയുന്നു:

إِنَّهُ أعْوَرُ وَإنَّ رَبَّكُمْ لَيْسَ بِأعْوَرَ (بخارى ومسلم )

"അവൻ ഒററക്കണ്ണനാണ് എന്നാൽ നിങ്ങളുടെ രക്ഷിതാവു് തീർച്ചയായും ഒററക്കണ്ണനല്ല." (ബുഖാരി, മുസ്‌ലിം)

﴿ لا تُدْرِكُهُ الأبْصَارُ وَهُوَ يُدْرِكُ الأبْصَارَ وَهُوَ اللَّطِيفُ الْخَبِيرُ ﴾ (سورة الأنعام ١٠٣ )

"കണ്ണുകൾ അവനെ കണ്ടെത്തുകയില്ല കണ്ണുകളെ അവൻ കണ്ടെത്തുകയുംചെയ്യും. അവൻ സൂക്ഷ്മജ്ഞാനിയും അഭിജ്ഞനുമാണ്. " (അൻആം : 103)

## അല്ലാഹുവിനെ കാണൽ

വിശ്വാസികൾ അന്ത്യനാളിൽ തങ്ങളുടെ റബ്ബിനെ (രക്ഷിതാവിനെ) കാണുന്നതാണ്.

﴿ وُجُوهٌ يَوْمَئِذٍ نَاضِرَةٌ إلى رَبِّهَا نَاظِرَةٌ ﴾ (القيامة ٢٢، ٢٣ )

"ചില മുഖങ്ങൾ അന്ന് പ്രസന്നതയുള്ളതും അവരുടെ രക്ഷിതാവിൻെറ നേർക്ക് നോക്കിക്കൊണ്ടിരിക്കുന്നവയുമായിരിക്കും." (ഖിയാമ : 22,23)

# അല്ലാഹു അവന്റെ വിശേഷണങ്ങളാൽ അതുല്യനാണ്

﴿ لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِير ﴾ (الشورى ١١ )

"അവന് തുല്യമായി ഒന്നുംതന്നെയില്ല. അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാണ്."
(ശൂറാ : 11 )

﴿ لا تَأْخُذُهُ سِنَةٌ وَلا نَوْمٌ ﴾ (سورة البقرة ٢٥٥ )

"മയക്കമോ ഉറക്കമോ അവനെബാധിക്കുകയില്ല."
(ബഖറ : 255)

അല്ലാഹു അത്യധികം നീതിപാലിക്കുന്നവനാകുന്നു. അത്കൊണ്ട് തന്നെ അവൻ ഒരാളോടും അനീതി കാണിക്കുകയില്ല. തന്റെ അടിമകളുടെ പ്രവർത്തനങ്ങൾ അവൻ കൃത്യമായി അറിയുകയും നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. അവനൊട്ടും അശ്രദ്ധനല്ലതന്നെ. ആകാശങ്ങളിലും ഭൂമിയിലുമുള്ളവയൊന്നും അവനെ അശക്തമാക്കുന്നില്ല കാരണം അവൻ അറിവിലും കഴിവിലും പരിപൂർണ്ണനാകുന്നു.

﴿ إِنَّمَا أَمْرُهُ إِذَا أَرَادَ شَيْئًا أَنْ يَقُولَ لَهُ كُنْ فَيَكُونُ ﴾ (سورة يس ٨٢ )

"താൻ ഒരുകാര്യം ഉദ്ദേശിച്ചാൽ അതിനോട് 'ഉണ്ടാകൂ' എന്ന് പറയുക മാത്രമാകുന്നു അവന്റെ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു." (യാസീൻ : 82)

## അവൻ ശക്തനാകുന്നു അവന് ക്ലേശമോ അശക്തതയോ ബാധിക്കുന്നില്ല

﴿ وَلَقَدْ خَلَقْنَا السَّمَـوَاتِ وَالأَرْضَ وَمَا بَيْنَهُمَا فِي سِتَّةِ أَيَّـامٍ وَمَـا مَسَّنَا مِنْ لُغُوبٍ﴾ ( سورة ق ٣٨ )

''ആകാശങ്ങളും ഭൂമിയും അവക്കിടയിലുള്ളതും നാം ആറ് ദിവസങ്ങളിൽ സൃഷ്ടിച്ചിരിക്കുന്നു. യാതൊരു വിധത്തിലുള്ള ക്ഷീണവും നമ്മെ ബാധിച്ചിട്ടുമില്ല.'' (ഖാഫ് : 38)

അതായത് യാതൊരുവിധ ക്ലേശമോ ക്ഷീണമോ അവന് ഉണ്ടായിട്ടില്ല.

## അല്ലാഹുവിൻെറ നാമ വിശേഷണങ്ങൾ

അല്ലാഹു അവന്നു സ്ഥിരപ്പെടുത്തി പറഞ്ഞു തന്നിട്ടുള്ളതും അല്ലെങ്കിൽ പ്രവാചകൻ(സ) അല്ലാഹുവിനുള്ളതായി പറഞ്ഞു തന്നതുമായ എല്ലാ നാമങ്ങളിലും വിശേഷണങ്ങളിലും നാം വിശ്വസിക്കുന്നു. അതോടൊപ്പം അപകടകരങ്ങളായ രണ്ട് കാര്യങ്ങളിൽനിന്നും നാം വിട്ടു നിൽക്കുകയും ചെയ്യുന്നു.

<u>ഒന്ന്,</u> തൻെറ നാവുകൊണ്ടോ മനസ്സ് കൊണ്ടോ അല്ലാഹുവിൻെറ വിശേഷണങ്ങൾ സൃഷ്ടികളുടേത് പോലെ ത്തന്നെയാണന്ന് ഉപമിക്കലാണ്.

മറ്റൊന്ന്, തൻെറ നാവു കൊണ്ടോ മനസ്സ്കൊണ്ടോ അല്ലാഹുവിൻെറ വിശേഷണങ്ങളുടെ അവസ്ഥ ഇന്ന പ്രകാരമാണ് എന്ന് രൂപപ്പെടുത്തി പറയലുമാണ് .

അല്ലാഹു തനിക്ക് ഉണ്ടായിക്കൂടാത്തതാണ് എന്ന് നിഷേധിച്ചു പറഞ്ഞതും, റസൂൽ (സ) അല്ലാഹുവിന് ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതാണ് എന്ന് പറഞ്ഞു തന്നതുമായ എല്ലാ വിഷയങ്ങളും അങ്ങിനെതന്നെ വിശ്വസിക്കുകയും അതോടൊപ്പം ആ വിഷയങ്ങളുടെ നേരെ വിപരീതമായ കാര്യങ്ങൾ പരിപൂർണ്ണതയോടു കൂടി അല്ലാഹുവിന് ഉണ്ടെന്ന് നാം ഉറച്ച്വിശ്വസിക്കുകയും ചെയ്യുന്നു. അല്ലാഹുവും റസൂലും മൗനം പാലിച്ച വിഷയങ്ങളിൽ നാമും മൗനം പാലിക്കുന്നു. പ്രസ്തുത മാർഗ്ഗം അവലംബിച്ചു ജീവിക്കൽ എല്ലാ വിശ്വാസികൾക്കും അനിവാര്യമാണ്. കാരണം അല്ലാഹു തനിക്ക് സ്ഥിരപ്പെടുത്തിയോ, നിഷേധിച്ചോ പറഞ്ഞുതന്നതായ കാര്യങ്ങൾ അല്ലാഹുവിൻെറ വൃത്താന്തങ്ങളിലൂടെ വ്യക്തമാക്കപ്പെട്ടതാണ്. അല്ലാഹു തന്നെയാണ് അവനെ സംബന്ധിച്ച് പറഞ്ഞുതരാൻ ഏററവും അറിയുന്നവൻ. അവനാണ് ഏററവും സത്യസന്ധമായും നല്ല നിലയിലും വർത്തമാനങ്ങൾ പറഞ്ഞു തരുന്നവൻ. സൃഷ്ടികളാകട്ടെ, അവനെ സംബന്ധിച്ച് സൂക്ഷ്മമായി അറിയാത്തവരാണ്.

അല്ലാഹുവിന് സ്ഥിരപ്പെടുത്തിയോ, നിഷേധിച്ചോ റസൂൽ(സ) പറഞ്ഞുതന്ന കാര്യങ്ങളും വ്യക്തമായ വൃത്താന്തം തന്നെയാണ്. കാരണം റസൂൽ(സ) യാണ് തൻെറ രക്ഷിതാവിനെ സംബന്ധിച്ച് ഏററവും അറിയുന്നവൻ. സൃഷ്ടികളിൽ ഏററവും ഗുണകാംക്ഷയുള്ളവനും അവരിൽ ഏററവും സത്യസന്ധനും സംസാരസ്ഫുടതയുള്ളവനും അദ്ദേഹം (റസൂൽ ) തന്നെയാണ്.

അപ്പോൾ അല്ലാഹുവിൻെറയും റസൂലിൻെറയും സംസാരത്തിൽ പൂർണ്ണമായ അറിവും വ്യക്തതയും ദർശിക്കാവുന്നതാണ്. അത്കൊണ്ട് തന്നെ അവയെ നിരാകരിക്കാനോ, അവയുടെ സ്വീകാര്യതയിൽ സംശയിക്കാനോ യാതൊരു പഴുതും അവശേഷിക്കുന്നില്ല തന്നെ.

ഇവിടെ വിശദമായോ സംക്ഷിപ്തമായോ, സ്ഥാപിച്ചോ നിഷേധിച്ചോ നാം പറഞ്ഞതായ, അല്ലാഹുവിൻെറ എല്ലാ വിശേഷണങ്ങളും നമ്മുടെ രക്ഷിതാവിൻെറ ഗ്രന്ഥവും പ്രവാചകൻ(സ)ൻെറ വചനങ്ങളും അവലംബമാക്കിക്കൊണ്ട് മാത്രമാണ്. അപ്രകാരം തന്നെയായിരുന്നു മുൻ കഴിഞ്ഞ സച്ചരിതരായ ഇമാമുകളും അവരെ പിൻ തുടർന്നവരും ജീവിച്ചുപോന്നതും. വിശുദ്ധ ഖുർആനിൻെറയും സുന്നത്തിൻെറയും തെളിവുകൾ അതിൻെറ ബാഹ്യമായ അർത്ഥത്തിലും അല്ലാഹുവിൻെറ മഹത്വത്തിന് അനുയോജ്യമാം വിധത്തിലും നാം പിന്തുടര

ൽ അനിവാര്യമാണ്. അല്ലാഹുവിൻെറയും റസൂലിൻെറയും ഉദ്ദേശങ്ങളിൽനിന്ന് യാഥാർത്ഥ്യങ്ങളെ തിരിച്ചുവിടുന്നവരിൽ നിന്നും നാം വിട്ടുനിൽക്കേണ്ടതാണ്. അല്ലാഹുവിൻെറയും റസൂലിൻെറയും വാക്കുകളെ നിരാകരിക്കുന്നവരുടെ മാർഗ്ഗത്തിൽ നാം പ്രവേശിക്കുകയും ചെയ്തുകൂടാ. അവയെ ഉദാഹരിച്ചും രൂപപ്പെടുത്തിയും പറയുന്ന അതിരു കവിഞ്ഞവരുടെ മാർഗ്ഗവും നാം ഉപേക്ഷിക്കേണ്ടതാണ്.

## ഖുർആനിലും ഹദീസിലും യാതൊരുവിധ വൈരുധ്യവുമില്ല!

ഖുർആനും ഹദീസും പറഞ്ഞുതന്ന കാര്യങ്ങൾ തീർത്തും സത്യവും യാതൊരുവിധ വൈരുധ്യവും സംഭവിക്കാത്തതുമാണ് എന്ന് നാം കൃത്യമായി മനസ്സിലാക്കേണ്ടതാണ്.

അല്ലാഹു പറയുന്നത് കാണുക:

﴿ أَفَلَا يَتَدَبَّرُونَ الْقُرْءَانَ وَلَوْ كَانَ مِنْ عِندِ غَيْرِ اللَّهِ لَوَجَدُوا فِيهِ اخْتِلَافًا كَثِيرًا ﴾ (سورة النساء ٨٢ )

''അവർ ഖുർആനിനെപ്പററി ചിന്തിക്കുന്നില്ലേ, അത് അല്ലാഹുവല്ലാത്തവരുടെ പക്കൽ നിന്നായിരുന്നുവെങ്കിൽ അവരതിൽ ധാരാളം വൈരുധ്യങ്ങൾ കണ്ടെത്തുമായിരുന്നു.'' (നിസാഅ് : 82)

വാർത്തകളിൽ വൈരുധ്യമുണ്ടായാൽ ചിലത് മററ് ചിലതിനെകളവാക്കേണ്ടിവരും.അത് അല്ലാഹുവിൽ നിന്നും റസൂലിൽനിന്നും അസംഭവ്യമാണുതാനും.

വല്ലവനും ഖുർആനിലോ സുന്നത്തിലോ അതല്ലെങ്കിൽ അവ തമ്മിലോ വൈരുധ്യമുണ്ടെന്ന് വാദിച്ചാൽ അത് അവൻെറ ദുഷിച്ച ചിന്തയും മനസ്സിൻെറ വക്രതയും മൂലമാണ്. അവൻ അല്ലാഹു വിനോട് പശ്ചാത്തപിക്കുകയും തന്നിലുള്ള വൈകല്യത്തെ നീക്കുകയും ചെയ്യേണ്ടതാണ്. ഇനി വല്ലവനും ഖുർആനിലോ ഹദീസിലോ, അതല്ലെങ്കിൽ അ വതമ്മിലോ വൈരുധ്യമുണ്ടെന്ന് സംശയിച്ചാൽ അത് അറിവിൻെറ അപര്യാപ്തതയും മനസ്സിലാക്കിയതിൽ സംഭവിച്ച പാളിച്ചയും, ചിന്തയുടെ കുറവും കൊണ്ട് മാത്രമാണ്. അവൻ കൂടുതൽ അറിവു നേടുകയും സത്യം ബോധ്യമാകും വിധം ചിന്തിക്കാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. എന്നിട്ടും കാര്യം ബോധ്യപ്പെട്ടില്ലെങ്കിൽ അവൻ ഒരു പണ്ഡിതനെ സമീപിച്ച് തൻെറ സംശയങ്ങൾ ദൂരീകരിക്കുകയും അറിവിൽ അടിയുറച്ചവർ പറയും പ്രകാരം പറയുകയും ചെയ്യട്ടെ.

﴿ ءَامَنَّا بِهِ كُلٌّ مِنْ عِنْدِ رَبِّنَا ﴾ (سورة آل عمران ٧)

"ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നു. എല്ലാം ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു."(സൂറ ആലു ഇംറാൻ : 7)

ഖുർആനിലോ ഹദീസിലോ അല്ലെങ്കിൽ അവതമ്മി ലോ യാതൊരു വൈരുധ്യമോ ഭിന്നതയോ ഇല്ല; എന്ന് അവർ മനസ്സിലാക്കുകയും ചെയ്യട്ടെ.

## മലക്കുകൾ

മലക്കുകളെ സംബന്ധിച്ച് നമ്മുടെ (അഹ്ലു സ്സുന്നത്തി വൽ ജമാഅത്തിൻെറ) വിശ്വാസം ഇനി പറയും പ്രകാരമാണ്.

﴿...عِبَادٌ مُكْرَمُونَ لا يَسْبِقُونَهُ بِالْقَوْلِ وَهُمْ بِأَمْرِهِ يَعْمَلُونَ﴾ (سورة الأنبياء ٢٦،٢٧)

"(അവർ – മലക്കുകൾ) അവൻെറ ആദരണീയരായ ദാസന്മാരാകുന്നു. അവർ അവനെ (അല്ലാഹുവിനെ) മറികടന്നു സംസാരിക്കുകയില്ല. അവൻെറ കൽപ്പനയനുസരിച്ചുമാത്രം അവർ പ്രവർത്തിക്കുകയും ചെയ്യുന്നു." (അമ്പിയാഅ് : 26,27)

അല്ലാഹുവാണ് അവരെ സൃഷ്ടിച്ചത്. അതിനാൽ അവർ അവന് ആരാധനകൾ അർപ്പിക്കുകയും അവനെ അനുസരിച്ച് കാര്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നു.

﴿لا يَسْتَكْبِرُونَ عَنْ عِبَادَتِهِ وَلا يَسْتَحْسِرُونَ ۞ يُسَبِّحُونَ اللَّيْلَ وَالنَّهَارَ لا يَفْتُرُونَ﴾ (سورةالأنبياء ١٩،٢٠)

"(അവർ – മലക്കുകൾ) അവനെ ആരാധിക്കുന്നത്

വിട്ട് അഹങ്കരിക്കുകയില്ല. അവർക്ക് ക്ഷീണം തോന്നുകയുമില്ല. അവർ രാവും പകലും (അല്ലാഹുവിന്റെ പരിശുദ്ധിയെ) പ്രകീർത്തിച്ചു കൊണ്ടിരിക്കുന്നു. അവർ തളരുകയില്ല.'' (അമ്പിയാഅ് : 19, 20)

അല്ലാഹു അവരെ നമ്മിൽ നിന്നും മറച്ചിരിക്കുകയാണ്. അതിനാൽ നമുക്കവരെ കാണാൻ കഴിയുകയില്ല. ചിലപ്പോൾ തന്റെ അടിമകളിൽ ചിലർക്ക് അവൻ അവരെ വെളിപ്പെടുത്തിയേക്കും. നബി(സ), ജിബ്രീൽ(അ)നെ യഥാർത്ഥ രൂപത്തിൽ, അറുനൂറ് ചിറകുകളോടു കൂടി ചക്രവാളം നിറഞ്ഞു നിന്ന വിധത്തിൽ കണ്ടിട്ടുണ്ട്. മറിയം ബീവിക്കു മുന്നിൽ ജിബ്രീൽ(അ) തികഞ്ഞ മനുഷ്യ രൂപത്തിൽ പ്രത്യക്ഷപ്പെടുകയും പരസ്പരം സംസാരിക്കുകയും ചെയ്തു. അപ്രകാരം നബി(സ) സ്വഹാബികളോടൊത്ത് ഇരിക്കുന്ന സമയത്ത് അവർക്കൊന്നും പരിചയമില്ലാത്ത ഒരു മനുഷ്യന്റെ രൂപത്തിൽ, യാത്രയുടെ അടയാളങ്ങളൊന്നും കൂടാതെ നല്ല വെളുത്ത വസ്ത്രം ധരിച്ച, കറുത്ത മുടിയോടു കൂടിയ നിലയിൽ ജിബ്രീൽ(അ) പ്രത്യക്ഷപ്പെടുകയും നബിയുടെ കാൽമുട്ടുകളോട് തന്റെ കാൽമുട്ടുകൾ ചേർത്ത്വെച്ച്, തന്റെ ഇരു കൈകളും തുടയിൽ വെച്ച് ഇരുന്ന് നബിയോട് സംസാരിക്കുകയും നബി അദ്ദേഹത്തോടും സംസാരിക്കുകയുണ്ടായിട്ടുണ്ട്. അനന്തരം നബി (സ) സ്വഹാബികളോട് 'അത് ജിബ്രീൽ(അ) ആയിരുന്നു' എന്ന് പറയുകയും ചെയ്തു.

## മലക്കുകൾ ചുമതലകൾ ഏൽപ്പിക്കപ്പെട്ടവരാണ്

**മലക്കുകൾക്ക് പ്രത്യേകം ചുമതലകൾ ഏൽപ്പിക്കപ്പെട്ടിട്ടുണ്ട്.**

**അവരിൽ ജിബ്രീൽ അല്ലാഹുവിൽ നിന്നുള്ള സന്ദേശങ്ങൾ പ്രവാചകന്മാർക്ക് എത്തിച്ചു കൊടുക്കാനും, മീക്കാഈൽ മഴ, സസ്യങ്ങൾ എന്നിവക്കും; ഇസ്റാഫീൽ ലോകാവസാനത്തിനും ഉയിർത്തെഴുന്നേൽപ്പിനുമുള്ള കാഹള മൂതാനും ഏൽപ്പിക്കപ്പെട്ടവരാണ്. കൂടാതെ മരണസമയം ആത്മാക്കളെ ഏറെറടുക്കാൻ മലക്കുൽ മൗത്തും, പർവ്വ തകാര്യങ്ങൾ ഏൽപ്പിക്കപ്പെട്ടവരും, നരകത്തെ കാക്കാനുള്ള മാലിക്കും ഉൾപ്പെടുന്നു. ഗർഭസ്ഥ ശിശുക്കളുടെ കാര്യങ്ങൾ ഏൽപ്പിച്ചും മനുഷ്യരെ നിരീക്ഷിക്കാൻ ഏൽപ്പിച്ചും മലക്കുകൾ വേറെയുമുണ്ട്. മനുഷ്യരുടെ നന്മതിന്മകൾ രേഖപ്പെടുത്താൻ എല്ലാ ഓരോരുത്തരോടുമൊപ്പം ഈരണ്ട് മലക്കുകൾ വേറെയുമുണ്ട്.**

**﴿ إِذْ يَتَلَقَّى الْمُتَلَقِّيَانِ عَنِ الْيَمِينِ وَعَنِ الشِّمَالِ قَعِيدٌ ۞ مَا يَلْفِظُ مِنْ قَوْلٍ إِلَّا لَدَيْهِ رَقِيبٌ عَتِيدٌ ﴾ ( سورة ق١٧,١٨)**

**"വലതു ഭാഗത്തും ഇടത് ഭാഗത്തും ഇരുന്ന് കൊണ്ട് ഏറെറടുക്കുന്ന രണ്ട്പേർ ഏറെറടുക്കുന്ന സന്ദർഭം: അവർ ഏതൊരു വാക്കുച്ചരിക്കുമ്പോഴും അവൻെറ**

അടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകൻ ഉണ്ടാവാതിരിക്കുകയില്ല.'' (ഖാഫ് : 17,18)

മററു ചില മലക്കുകളെ ഖബറിൽ വെച്ച് ചോദ്യം ചെയ്യാൻ ചുമതലപ്പെടുത്തിയിരിക്കുന്നു. തൻെറ രക്ഷിതാവ്, മതം, പ്രവാചകൻ എന്നീ കാര്യങ്ങളെ സംബന്ധിച്ച് അവർ ചോദ്യം ചെയ്യുന്നതാണ്.

﴿ يُثَبِّتُ اللَّهُ الَّذِينَ ءَامَنُوا بِالْقَوْلِ الثَّابِتِ فِي الْحَيَاةِ الدُّنْيَا وَفِي الآخِرَةِ وَيُضِلُّ اللَّهُ الظَّالِمِينَ وَيَفْعَلُ اللَّهُ مَا يَشَاءُ ﴾ (سورة إبراهيم ٢٧)

''ഐഹിക ജീവിതത്തിലും, പരലോകത്തും സുസ്ഥിരമായ വാക്ക് കൊണ്ട് സത്യവിശ്വാസികളെ അല്ലാഹു ഉറപ്പിച്ചു നിർത്തുന്നതാണ്. അക്രമകാരികളെ അല്ലാഹു ദുർമാർഗ്ഗത്തിലാക്കുകയും ചെയ്യും. അല്ലാഹു താൻ ഉദ്ദേശിക്കുന്നതെന്തോ അത് പ്രവർത്തിക്കുന്നതാണ്.'' (ഇബ്റാഹീം : 27)

സ്വർഗാവകാശികളുടെ കാര്യങ്ങൾ ഏൽപ്പിക്കപ്പെട്ടവരും മലക്കുകളുടെ കൂട്ടത്തിലുണ്ട്.

﴿ وَالْمَلَائِكَةُ يَدْخُلُونَ عَلَيْهِمْ مِنْ كُلِّ بَابٍ سَلَامٌ عَلَيْكُمْ بِمَا صَبَرْتُمْ فَنِعْمَ عُقْبَى الدَّارِ ﴾ (سورة الرعد ٢٣،٢٤ )

''മലക്കുകൾ എല്ലാ വാതിലുകളിലൂടെയും അവരുടെ അടുക്കൽ കടന്നുവന്നിട്ടു പറയും: നിങ്ങൾ ക്ഷ

മ കൈക്കൊണ്ട കാരണത്താൽ നിങ്ങൾക്ക് സമാധാ നം, അപ്പോൾ അന്തിമ ഗൃഹം എത്ര നല്ലത്.'' (സൂറ റഅ്ദ് : 23, 24)

നബി(സ) പറഞ്ഞു: ആകാശലോകത്ത് ബൈത്തുൽ മഅ്മൂറിൽ എല്ലാ ദിവസവും എഴുപതിനായിരം മലക്കുകൾ പ്രവേശിക്കുന്നു. ചില റിപ്പോർട്ടുകളിൽ നമസ്കരിക്കുന്നു. എന്നാണുള്ളത്.

പിന്നീട് അവർക്ക് ഒരിക്കലും രണ്ടാമത് ഒരു ചാൻസ് ലഭിക്കുകയില്ല. (അപ്പോൾ മലക്കുകളുടെ എണ്ണം എത്രയായിരിക്കും !)

(ഭൂമിയിലെ കഅബക്ക് സമാനമായി വാന ലോകത്തുള്ള മന്ദിരമാണ് ബൈത്തുൽ മഅ്മൂർ എന്ന് നബി(സ) വ്യക്തമാക്കിയിട്ടുണ്ട്. വിവർത്തകൻ).

## കിതാബുകൾ

പ്രവാചകന്മാർ ജനങ്ങളെ സംസ്കരിക്കുന്നതിനും അവർക്ക് തത്വജ്ഞാനം പഠിപ്പിക്കുന്നതിന് വേണ്ടിയും, ലോകർക്ക് വെളിച്ചവും സൽകർമകാരികൾക്ക് തെളിവുകളുമായിക്കൊണ്ടും അല്ലാഹു ദൂതൻമാരിലൂടെ ഗ്രന്ഥങ്ങൾ ഇറക്കിയിട്ടുണ്ട്.

എല്ലാ റസൂലുമാർക്കും ഗ്രന്ഥങ്ങൾ നൽകിയിട്ടുണ്ട് എന്നാണ് ഖുർആനിൽ നിന്ന് മനസ്സിലാകുന്നത്.

﴿ لَقَدْ أَرْسَلْنَا رُسُلَنَا بِالْبَيِّنَاتِ وَأَنْزَلْنَا مَعَهُمُ الْكِتَابَ وَالْمِيـزَانَ لِيَقُومَ النَّاسُ بِالْقِسْطِ ﴾ (سورة الحديد ٢٥ )

"തീർച്ചയായും നാം നമ്മുടെ ദൂതന്മാരെ വ്യക്തമായ ദിവ്യ ദൃഷ്ടാന്തങ്ങളുമായി അയക്കുകയുണ്ടായി. ജനങ്ങൾ നീതിപൂർവ്വം നിലനിൽക്കുന്നതിനുവേണ്ടി നാം അവരോടൊപ്പം വേദഗ്രന്ഥവും തുലാസും ഇറക്കിക്കൊടുക്കുകയുണ്ടായി." (ഹദീദ് : 25)

മേൽപറയപ്പെട്ട ഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്.

തൗറാത്ത്: ഇസ്രാഈൽ സമൂഹത്തിലേക്ക് ഇറക്കപ്പെട്ട ഏററവും മഹത്തായ ഗ്രന്ഥമത്രെ അത്. മൂസാ നബി (അ) യിലൂടെയാണ് അത് നൽകപ്പെട്ടത്.

﴿ إِنَّا أَنْزَلْنَا التَّوْرَاةَ فِيهَا هُدًى وَنُورٌ يَحْكُمُ بِهَا النَّـبِيُّونَ الَّذِينَ أَسْلَمُوا لِلَّذِينَ هَادُوا وَالرَّبَّانِيُّونَ وَالأَحْبَارُ بِمَا اسْتُحْفِظُوا مِنْ كِتَابِ اللَّهِ وَكَانُوا عَلَيْهِ شُهَدَاءَ ﴾ ( سورة المائدة ٤٤)

"തീർച്ചയായും നാം തന്നെയാണ് തൗറാത്ത് അവതരിപ്പിച്ചിരിക്കുന്നത്. അതിൽ മാർഗദർശനവും പ്രകാശവുമുണ്ട്. അല്ലാഹുവിന് കീഴ്പെട്ട പ്രവാചകന്മാർ യഹൂദൻമാർക്ക് അതനുസരിച്ച് വിധിച്ചു പോന്നു. പുണ്യവാൻമാരും മത പണ്ഡിതന്മാരും (അപ്രകാരം വിധി കൽപ്പിച്ചിരുന്നു). കാരണം അല്ലാഹുവിൻെറ ഗ്രന്ഥസംരക്ഷണം അവർക്ക് ഏൽപ്പിക്കപ്പെട്ടിരു

ന്നു. അതിന്നവർ സാക്ഷികളുമായിരുന്നു.'' (സൂറ മാഇദ : 44)

<u>ഇൻജീൽ</u> : ഈസാ നബി(അ) യിലൂടെ അല്ലാഹു നൽകിയ ഗ്രന്ഥമത്രെ അത്. തൗറാത്തിനെ സത്യപ്പെടുത്തിക്കൊണ്ടും അതിൻെറ പൂർത്തീകരണ മായിക്കൊണ്ടുമായിരുന്നു അതിൻെറ അവതരണം.

﴿ وَءَاتَيْنَاهُ الإِنْجِيلَ فِيهِ هُدًى وَنُورٌ وَمُصَدِّقًا لِمَا بَيْنَ يَدَيْهِ مِنَ التَّوْرَاةِ وَهُدًى وَمَوْعِظَةً لِلْمُتَّقِينَ ﴾ (سورة المائدة ٤٦)

''സന്മാർഗവും സത്യപ്രകാശവും അടങ്ങിയതായ ഇൻജീലും അദ്ദേഹത്തിന് നാം നൽകി. അതിൻെറ മുമ്പിലുള്ള തൗറാത്തിനെ ശരിവെക്കുന്നതും, സൂക്ഷ്മത പാലിക്കുന്നവർക്ക് മാർഗ്ഗ ദർശനവും സദുപദേശവുമത്രെ അത്.'' (മാഇദ : 46)

﴿ وَلأُحِلَّ لَكُم بَعْضَ الَّذِي حُرِّمَ عَلَيْكُمْ وَجِئْتُكُم بِآيَةٍ مِّن رَّبِّكُمْ فَاتَّقُواْ اللّهَ وَأَطِيعُونِ ﴾ ( سورة آل عمران ٥٠)

''നിങ്ങളുടെ മേൽ നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങളിൽ ചിലത് ഞാൻ നിങ്ങൾക്ക് അനുവദിച്ചുതരാൻ വേണ്ടിയും.'' (ആലു ഇംറാൻ : 50)

<u>സബൂർ</u> : ദാവൂദ് നബി(അ)ക്ക് അല്ലാഹു നൽകിയ ഗ്രന്ഥമായിരുന്നു സബൂർ.

<u>ഏടുകൾ:</u> മൂസാ നബി (അ)ക്കും ഇബ്റാഹീം(അ) ക്കും ഏടുകൾ നൽകപ്പെട്ടതായും ഖുർആൻ സൂചി പ്പിക്കുന്നുണ്ട്.

<u>ഖുർആൻ:</u> അന്ത്യപ്രവാചകനായ മുഹമ്മദ്നബി (സ) യിലൂടെ മുഴുവൻ ജനങ്ങൾക്കുമായി അവത രിപ്പിക്കപ്പെട്ടതത്രെ വിശുദ്ധ ഖുർആൻ.

﴿ هُدًى لِلنَّاسِ وَبَيِّنَاتٍ مِنَ الْهُدَى وَالْفُرْقَانِ ﴾ (سورة البقرة ١٨٥ )

"മനുഷ്യർക്ക് സന്മാർഗവും സത്യാസത്യ വിവേചക വും സന്മാർഗ്ഗത്തിൻെറ സുവ്യക്ത തെളിവുകളു മായിക്കൊണ്ട്." (ബഖറ : 185)

### ഖുർആൻ
### മുൻ വേദങ്ങളെ ശരിവെക്കുന്നു.

﴿ مُصَدِّقًا لِمَا بَيْنَ يَدَيْهِ مِنَ الْكِتَابِ وَمُهَيْمِنًا عَلَيْهِ ﴾ (سورة المائدة ٤٨)

"അതിൻെറ മുമ്പിലുള്ള വേദ ഗ്രന്ഥങ്ങളെ ശരിവെ ക്കുന്നതും, അവയെ കാത്തു രക്ഷിക്കുന്നതുമത്രെ അത്." (മാഇദ : 48)

അതിനുമുമ്പുള്ള എല്ലാഗ്രന്ഥങ്ങളേയും അത് മു ഖേന അല്ലാഹു ദുർബലപ്പെടുത്തിയിരിക്കുന്നു. വ ക്ര ബുദ്ധിയുള്ളവരുടെ കൈകടത്തലുകളിൽ നി ന്നും മാററിത്തിരുത്തലുകളിൽ നിന്നും അല്ലാഹു

അതിൻെറ സംരക്ഷണം ഏറെറടുക്കുകയും ചെയ്തിരിക്കുന്നു.

﴿ إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ ﴾ (سورة الحجر ٩ )

"തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. നാം അതിനെ കാത്ത്സൂക്ഷിക്കുന്നതുമാണ്." (ഹിജ്ർ : 9)

ലോകാവസാനം വരെയുള്ള മുഴുവൻ സൃഷ്ടികൾക്കുമുള്ള തെളിവായി അത് നിലനിൽക്കുക തന്നെ ചെയ്യും. എന്നാൽ മുമ്പ് കഴിഞ്ഞുപോയ ഗ്രന്ഥങ്ങൾ അതിന് ശേഷം മറെറാരു ഗ്രന്ഥം അവതരിക്കുന്നതോടെ കാലാവധി കഴിഞ്ഞു ദുർബലപ്പെടുന്ന വിധം കാലബന്ധിതമായിരുന്നു. ഇന്ന് അവശേഷിക്കുന്നവയിൽ മാററത്തിരുത്തലുകളും സ്ഥാനം തെററിച്ചുള്ള പ്രയോഗങ്ങളും സംഭവിച്ചിട്ടുണ്ട്. കാരണം അത് കളങ്കസുരക്ഷിതത്വം നൽകപ്പെട്ടവയായിരുന്നില്ല. അവകളിൽ കൂട്ടലുകളും കുറക്കലുകളും സ്ഥാനം തെററിച്ചുള്ള പ്രയോഗങ്ങളും സംഭവിച്ചിട്ടുണ്ട്.

﴿ مِنَ الَّذِينَ هَادُوا يُحَرِّفُونَ الْكَلِمَ عَنْ مَوَاضِعِهِ ﴾ (سورة النساء ٤٧ )

"യഹൂദരിൽ പെട്ടവർ വാക്കുകളെ സ്ഥാനം തെററിച്ച് പ്രയോഗിക്കുന്നു." (നിസാഅ് : 46)

﴿ فَوَيْلٌ لِلَّذِينَ يَكْتُبُونَ الْكِتَابَ بِأَيْدِيهِمْ ثُمَّ يَقُولُونَ هَذَا مِنْ عِنْدِ اللَّهِ لِيَشْتَرُوا بِهِ ثَمَنًا قَلِيلاً فَوَيْلٌ لَهُمْ مِمَّا كَتَبَتْ أَيْدِيهِمْ وَوَيْلٌ لَهُمْ مِمَّا يَكْسِبُونَ ﴾ (سورة البقرة ٧٩ )

"എന്നാൽ സ്വന്തംകൈകൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും, എന്നിട്ട് അത് അല്ലാഹുവിങ്കൽ നിന്ന് ലഭിച്ചതാണ് എന്ന് പറയുകയും ചെയ്തവർക്കാകുന്നു നാശം. അത് മുഖേനെ വില കുറഞ്ഞ നേട്ടങ്ങൾ കരസ്ഥമാക്കാൻ വേണ്ടിയത്രെ അത്. അവരുടെ കൈകൾ എഴുതിയ വകയിലും അവർ സമ്പാദിക്കുന്ന വകയിലും അവർക്ക് നാശം തന്നെ." (സൂറ ബഖറ : 79)

﴿ قُلْ مَنْ أَنْزَلَ الْكِتَابَ الَّذِي جَاءَ بِهِ مُوسَى نُورًا وَهُدًى لِلنَّاسِ تَجْعَلُونَهُ قَرَاطِيسَ تُبْدُونَهَا وَتُخْفُونَ كَثِيرًا ﴾ (سورة الأنعام ٩١ )

"പറയുക, എന്നാൽ സത്യപ്രകാശമായിക്കൊണ്ടും മനുഷ്യർക്ക് മാർഗ്ഗദർശകമായിക്കൊണ്ടും മൂസ കൊണ്ടുവന്ന ഗ്രന്ഥം ആരാണ് അവതരിപ്പിച്ചത്? നിങ്ങൾ അതിനെ കടലാസുതുണ്ടുകളാക്കി ചില ഭാഗങ്ങൾ വെളിപ്പെടുത്തുകയും (മററ്) പലതും മറച്ചു വെക്കുകയും ചെയ്തിട്ടുണ്ടല്ലൊ." (അൻആം : 91)

﴿ وَإِنَّ مِنْهُمْ لَفَرِيقًا يَلْوُونَ أَلْسِنَتَهُمْ بِالْكِتَابِ لِتَحْسَبُوهُ مِنَ الْكِتَابِ وَمَا هُوَ مِنَ الْكِتَابِ وَيَقُولُونَ هُوَ مِنْ عِنْدِ اللَّهِ وَمَا هُوَ

مِنْ عِنْدِ اللَّهِ وَيَقُولُونَ عَلَى اللَّهِ الْكَذِبَ وَهُمْ يَعْلَمُونَ ۞ مَا كَانَ لِبَشَرٍ أَنْ يُؤْتِيَهُ اللَّهُ الْكِتَابَ وَالْحُكْمَ وَالنُّبُوَّةَ ثُمَّ يَقُولَ لِلنَّاسِ كُونُوا عِبَادًا لِي مِنْ دُونِ اللَّهِ ﴾ ( سورة آل عمران ٧٨،٧٩ )

" വേദഗ്രന്ഥത്തിലെ വാചക ശൈലികൾ വളച്ചൊടിക്കുന്ന ചിലരും അവരുടെ കൂട്ടത്തിലുണ്ട്. അത് വേദഗ്രന്ഥത്തിൽ പെട്ടതാണെന്ന് ധരിക്കുവാനാണത്. അത് വേദ ഗ്രന്ഥത്തിലുള്ളതല്ല. അവർ പറയും അത് അല്ലാഹുവിൻെറ പക്കൽ നിന്നുള്ളതാണെന്ന്. എന്നാലത് അല്ലാഹുവിൽ നിന്നുള്ളതല്ല. അവർ അറിഞ്ഞുകൊണ്ട് അല്ലാഹുവിൻെറ പേരിൽ കള്ളം പറയുകയാണ്. അല്ലാഹു ഒരു മനുഷ്യന് വേദവും മത വിജ്ഞാനവും പ്രവാചകത്വവും നൽകുകയും എന്നിട്ട്, അദ്ദേഹം ജനങ്ങളോട് നിങ്ങൾ അല്ലാഹുവെ വിട്ട് എൻെറ ദാസന്മാരായിരിക്കുവീൻ എന്ന് പറയുകയും ചെയ്യുക എന്നത് ഉണ്ടാകാവുന്നതല്ല." ( ആലു ഇംറാൻ : 78,79)

﴿ يَاأَهْلَ الْكِتَابِ قَدْ جَاءَكُمْ رَسُولُنَا يُبَيِّنُ لَكُمْ كَثِيرًا مِمَّا كُنْتُمْ تُخْفُونَ مِنَ الْكِتَابِ ﴾ (سورة المائدة ١٥ )

"വേദക്കാരേ, വേദഗ്രന്ഥത്തിൽ നിന്നും നിങ്ങൾ മറച്ചുവെച്ചുകൊണ്ടിരിക്കുന്ന പലതും നിങ്ങൾക്ക്വെളിപ്പെടുത്തിത്തന്നുകൊണ്ട് നമ്മുടെ ദൂതൻ ഇതാ നി ങ്ങളുടെ അടുത്ത് വന്നിരിക്കുന്നു."( മാഇദ : 15)

﴿ لَقَدْ كَفَرَ الَّذِينَ قَـالُـوا إِنَّ اللَّهَ هُوَ الْمَسِـيحُ ابْنُ مَرْيَمَ ﴾(سورة المائدة ١٧ )

"മറിയമിൻെറ മകൻ മസീഹുതന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ അവിശ്വസിച്ചിരിക്കുന്നു." (മാഇദ : 17)

## നബിമാർ

നബിമാരെ സംബന്ധിച്ച അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിൻെറ വിശ്വാസം താഴെ വിവരിക്കുന്നു.

തീർച്ചയായും അല്ലാഹു മനുഷ്യരിലേക്ക് ദൂതന്മാരെ നിയോഗിക്കുകയുണ്ടായിട്ടുണ്ട്.

﴿ رُسُلاً مُبَشِّرِينَ وَمُنْذِرِينَ لِئَلا يَكُونَ لِلنَّاسِ عَلَى اللَّهِ حُجَّـةٌ بَعْدَ الرُّسُلِ وَكَانَ اللَّهُ عَزِيزًا حَكِيمًا ﴾ (سورة النساء ١٦٥ )

"സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീത് നൽകുന്നവരുമായ ദൂതൻമാരായിരുന്നു അവർ. ആ ദൂതന്മാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിന്നെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാണ്." (നിസാഅ് : 165)

അവരിൽ ആദ്യത്തെ റസൂൽ നൂഹ് നബി(അ)യും അവസാനത്തെയാൾ മുഹമ്മദ് (സ)യുമാകുന്നു.

﴿ إِنَّا أَوْحَيْنَا إِلَيْكَ كَمَا أَوْحَيْنَا إِلَى نُوحٍ وَالنَّبِيِّينَ مِن بَعْدِهِ ﴾ (سورة النساء ١٦٢ )

"നബിയെ, നൂഹിനും അദ്ദേഹത്തിനു ശേഷമുള്ള പ്രവാചകൻമാർക്കും നാം സന്ദേശം നൽകിയ പോലെ നിനക്കും നാം സന്ദേശം നൽകിയിരിക്കുന്നു." (നിസാഅ് : 163)

﴿ مَا كَانَ مُحَمَّدٌ أَبَا أَحَدٍ مِنْ رِجَالِكُمْ وَلَكِنْ رَسُولَ اللَّهِ وَخَاتَمَ النَّبِيِّينَ ﴾ (سورة الأحزاب ٤٠ )

"മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷേ അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരിൽ അവസാനത്തെ ആളുമാകുന്നു." (അഹ്‌സാബ് : 40)

അവരിൽ ശ്രേഷ്ഠവാൻ മുഹമ്മദ്നബി(സ)യും പിന്നെ ഇബ്‌റാഹീം, മൂസ, നൂഹ്, മർയമിന്റെ മകൻ ഈസ (അ) എന്നിവരുമാണ്. അവരെ അല്ലാഹു പ്രത്യേകം എടുത്ത് പറയുന്നു.

﴿ وَإِذْ أَخَذْنَا مِنَ النَّبِيِّينَ مِيثَاقَهُمْ وَمِنْكَ وَمِنْ نُوحٍ وَإِبْرَاهِيمَ وَمُوسَى وَعِيسَى ابْنِ مَرْيَمَ وَأَخَذْنَا مِنْهُمْ مِيثَاقًا غَلِيظًا ﴾ (سورة الأحزاب ٧ )

"പ്രവാചകന്മാരിൽ നിന്ന് തങ്ങളുടെ കരാർ നാം വാങ്ങിയ സന്ദർഭം (ശ്രദ്ധേയമാണ്). നിന്റെ പ

ക്കൽ നിന്നും നൂഹ്, ഇബ്റാഹീം, മൂസ, മർയമിന്റെ മകൻ ഈസ എന്നിവരിൽ നിന്നും. ഗൗരവമു ള്ള ഒരുകരാറാണ് നാം അവരിൽ നിന്നെല്ലാം വാങ്ങിയത്.'' (അഹ്സാബ് : 7)

(മേൽ പറയപ്പെട്ട നൂഹ്, ഇബ്റാഹീം, മൂസ, ഈസ, മുഹമ്മദ് (സ) എന്നീ അഞ്ച് നബിമാരാണ് 'ഉലുൽ അസ്മ്' എന്ന പേരിൽ ഖുർആനിൽ സൂചിപ്പിക്കപ്പെട്ടവർ. വിവർത്തകൻ)

എന്നാൽ മുഹമ്മദ്നബി(സ)യുടെ ശരീഅത്ത് മററ് എല്ലാ നബിമാരുടെയും ശരീഅത്തുകളിലെ ശ്രേഷ്ഠതകൾ ഉൾക്കൊള്ളുന്നതാണ്.

﴿ شَرَعَ لَكُمْ مِنَ الدِّينِ مَا وَصَّى بِهِ نُوحًا وَالَّذِي أَوْحَيْنَا إِلَيْكَ وَمَا وَصَّيْنَا بِهِ إِبْرَاهِيمَ وَمُوسَى وَعِيسَى أَنْ أَقِيمُوا الدِّينَ وَلَا تَتَفَرَّقُوا فِيهِ ﴾ (سورة الشورى ١٣ )

''നൂഹിനോട് കൽപ്പിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്റാഹീം, മൂസ, ഈസ എന്നിവരോട് നാം കൽപ്പിച്ചതുമായ, നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക എന്നകാര്യം അവൻ നിങ്ങൾക്ക് മതനിയമമായി നിശ്ചയിച്ചിരിക്കുന്നു.'' (ശൂറാ : 13)

# പ്രവാചകർ മനുഷ്യരായിരുന്നു

എല്ലാ ദൂതന്മാരും സൃഷ്ടികളായ മനുഷ്യരായിരുന്നു. അവർക്ക് ദൈവീകമായ പ്രത്യേകതകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ദൂതന്മാരിൽ ആദ്യത്തെ വ്യക്തിയായ നൂഹ്(അ)നെ സംബന്ധിച്ച് ഖുർആൻ പറയുന്നത് കാണുക:

﴿ وَلا أَقُولُ لَكُمْ عِندِي خَزَائِنُ اللَّهِ وَلا أَعْلَمُ الْغَيْبَ وَلا أَقُولُ إِنِّي مَلَكٌ ﴾ (هود ٣١)

"അല്ലാഹുവിൻെറ ഖജനാവുകൾ എൻെറ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. ഞാൻ അദൃശ്യകാര്യം അറിയുകയുമില്ല. ഞാൻ ഒരു മലക്കാണെന്നും പറയുന്നില്ല." (ഹൂദ് : 31)

അപ്രകാരം അവസാനത്തെ പ്രവാചകനായ മുഹമ്മദ് നബി(സ)യോട് പ്രസ്താവിക്കുവാൻ കൽപ്പിക്കുന്നു:

﴿ قُلْ لا أَمْلِكُ لِنَفْسِي نَفْعًا وَلا ضَرًّا إِلا مَا شَاءَ اللَّهُ وَلَوْ كُنْتُ أَعْلَمُ الْغَيْبَ لاسْتَكْثَرْتُ مِنَ الْخَيْرِ وَمَا مَسَّنِيَ السُّوءُ ﴾ (سورة الأعراف ١٨٨)

"(നബിയെ) പറയുക, എൻെറ സ്വാന്തം ദേഹത്തിന് തന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എൻെറ അധീനതയിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴി

കെ. എനിക്കെങ്ങാനും അദൃശ്യം അറിയുമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കു മായിരുന്നു. എന്നെ ഒരു തിന്മയും ബാധിക്കുകയു മില്ലായിരുന്നു.'' (അഅ്റാഫ് :188)

﴿ قُلْ إِنِّي لا أَمْلِكُ لَكُمْ ضَرًّا وَلا رَشَدًا ۝ قُلْ إِنِّي لَنْ يُجِيرَنِـــي مِنَ اللَّهِ أَحَدٌ وَلَنْ أَجِدَ مِنْ دُونِهِ مُلْتَحَدًا ﴾ ( الجن ٢٢،٢١ )

''പറയുക: നിങ്ങൾക്ക് ഉപദ്രവം ചെയ്യുക എന്നതോ (നിങ്ങളെ) നേർവഴിയിലാക്കുക എന്നതോ എൻെറ അധീനതയിലല്ല. പറയുക: അല്ലാഹുവിൻെറ ശിക്ഷയിൽനിന്ന് ഒരാളും എനിക്ക് അഭയം നൽകുകയേ ഇല്ല. അവനു പുറമെ ഒരു അഭയസ്ഥാനവും ഞാൻ ഒരിക്കലും കണ്ടെത്തുകയുമില്ല.'' (ജിന്ന് : 21, 22)

പ്രവാചകന്മാർ അല്ലാഹു രിസാലത്ത് (പ്രവാചകത്വം) നൽകി ആദരിച്ച അവൻെറ അടിമകൾ ആകുന്നു. അവരെ ഉന്നത പദവിനൽകി അല്ലാഹു ആദരിച്ചിരിക്കുന്നു. അവർക്കുള്ള ഉന്നത പദവിയാലും പ്രശംസയാലും നൽകിയ അവർക്കുള്ള വിശേഷണം 'അല്ലാഹുവിൻെറ യഥാർത്ഥ ദാസന്മാരാണ് ' എന്നതാണ്.

അവരിൽ ഒന്നാമനായ നൂഹ്(അ) സംബന്ധിച്ച് പറയുന്നത് കാണുക:

﴿ ذُرِّيَّةَ مَنْ حَمَلْنَا مَعَ نُــوحٍ إِنَّهُ كَانَ عَبْدًا شَكُورًا ﴾ ( سورة الإسراء ٣ )

"നൂഹിനോടൊപ്പം നാം കപ്പലിൽ കയററിയവരുടെ സന്തതികളേ തീർച്ചയായും അദ്ദേഹം (നൂഹ്) വളരെ നന്ദിയുള്ള ഒരു ദാസനായിരുന്നു." (ഇസ് റാഅ് : 3)

അവരിൽ അവസാനത്തെ വ്യക്തിയായ മുഹമ്മദ് നബി (സ) യെ സംബന്ധിച്ച് പറയുന്നത് കാണുക:

﴿ تَبَارَكَ الَّذِي نَزَّلَ الفُرْقَانَ عَلَى عَبْدِهِ لِيَكُونَ لِلْعَالَمِينَ نَذِيرًا ﴾ (سورة الفرقان ١ )

"തന്റെ ദാസന്റെ മേൽ സത്യാസത്യ വിവേചന പ്രമാണം (ഖുർആൻ) അവതരിപ്പിച്ചവൻ അനുഗ്രഹ പൂർണ്ണനാകുന്നു. അദ്ദേഹം (റസൂൽ) ലോകർക്ക് ഒരു താക്കീതുകാരൻ ആയിരിക്കുന്നതിന് വേണ്ടി യത്രെ അത്." (ഫുർഖാൻ: 1)

മററ് നബിമാരെ സംബന്ധിച്ചും ഇത്പോലെയുള്ള പ്രഖ്യാപനം കാണാവുന്നതാണ്.

﴿ وَاذْكُرْ عِبَادَنَا إِبْرَاهِيمَ وَإِسْحَاقَ وَيَعْقُوبَ أُولِي الأَيْدِي وَالأَبْصَارِ ﴾ (سورة ص ٤٥)

"കൈക്കരുത്തും, ഉൾക്കാഴ്ചയുമുള്ളവരായിരുന്ന നമ്മുടെ ദാസന്മാരായ ഇബ്റാഹീം, ഇസ്ഹാഖ്, യഅ്ഖൂബ് എന്നിവരേയും ഓർക്കുക." (സ്വാദ് : 45)

﴿ وَاذْكُرْ عَبْدَنَا دَاوُدَ ذَا الأَيْدِ إِنَّهُ أَوَّابٌ ﴾ ( سورة ص ١٧ )

"നമ്മുടെ കയ്യൂക്കുള്ളദാസനായ ദാവൂദിനെ നീ സ്മരിക്കുക. തീർച്ചയായും അദ്ദേഹം ഏററവുമധി കം ഖേദിച്ചു മടങ്ങിയവനാകുന്നു." (സ്വാദ് : 17)

﴿ وَوَهَـبْنَا لِدَاوُدَ سُلَـيْمَـانَ نِـعْمَ الْعَبْدُ إِنَّهُ أَوَّابٌ ﴾ (سورة ص ٣٠)

ദാവൂദിന് നാം സുലൈമാനെ പ്രദാനം ചെയ്തു. വളരെ നല്ല ദാസൻ. തീർച്ചയായും അദ്ദേഹം (അ ല്ലാഹുവിങ്കലേക്ക്) ഏററവുമധികം ഖേദിച്ചു മടങ്ങു ന്നവനാകുന്നു." (സ്വാദ് : 30)

ഈസാനബി (അ) യെ സംബന്ധിച്ച് പറയുന്നു:

﴿ إِنْ هُوَ إِلاَّ عَبْدٌ أَنْعَمْنَا عَلَيْهِ وَجَعَلْنَاهُ مَثَلاً لِبَنِي إِسْرَائِيلَ ﴾ (سورة الزخرف ٥٩ )

"അദ്ദേഹം നമ്മുടെ ഒരു ദാസൻ മാത്രമാകുന്നു. അ ദ്ദേഹത്തിന് നാം അനുഗ്രഹം നൽകുകയും അദ്ദേ ഹത്തെ ഇസ്റാഈൽ സന്തതികൾക്ക് ഒരു മാതൃക യാക്കുകയും ചെയ്തിരിക്കുന്നു." (സുഖ്റുഫ് : 59)

അല്ലാഹു മുഹമ്മദ്നബിയിലൂടെ പ്രവാചകത്വം അ വസാനിപ്പിക്കുകയും അദ്ദേഹത്തെ മുഴുവൻ മനു ഷ്യരിലേക്കുമുള്ള പ്രവാചകനായി നിയോഗിക്കുക യും ചെയ്തിരിക്കുന്നു.

﴿ قُلْ يَاأَيُّهَا النَّاسُ إِنِّي رَسُولُ اللَّهِ إِلَيْكُمْ جَمِيعًا الَّذِي لَهُ مُلْكُ السَّمَوَاتِ وَالأَرْضِ لاَ إِلَهَ إِلاَّ هُوَ يُحْيِي وَيُمِيـتُ فَآمِنُوا بِاللَّهِ

وَرَسُولِهِ النَّبِيِّ الأُمِّيِّ الَّذِي يُؤْمِنُ بِاللَّهِ وَكَلِمَاتِهِ وَاتَّبِعُوهُ لَعَلَّكُمْ تَهْتَدُونَ ﴾ (سورة الأعراف ١٥٨)

"(നബിയേ) പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിൻെറ ദൂതനാകുന്നു. ആകാശങ്ങളുടേയും ഭൂമിയുടെയും ആധിപത്യം ഏതൊരാൾക്കാണോ അവൻെറ ദൂതൻ. അവനല്ലാതെ ഒരാരാധ്യനുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കുവീൻ. അതെ അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അല്ലാഹുവിലും അവൻെറ വചനങ്ങളിലും വിശ്വസിക്കുന്ന അദ്ദേഹത്തെ നിങ്ങൾ പിൻപററുവീൻ. നിങ്ങൾക്ക് സത്യമാർഗ്ഗം പ്രാപിക്കാം." (അഅ്റാഫ് : 158)

## സ്വീകാര്യമായ മതം ഇസ്ലാം മാത്രം

തീർച്ചയായും മുഹമ്മദ്നബി(സ)യുടെ ശരീഅത്താകുന്നു അല്ലാഹു തൃപ്തിപ്പെട്ട ഇസ്ലാം മതം. അതല്ലാത്ത ഒരു മതവും ഒരാളിൽ നിന്നും അല്ലാഹു സ്വീകരിക്കുകയില്ല.

﴿ إِنَّ الدِّينَ عِنْدَ اللَّهِ الإِسلامُ ﴾ ( سورة آل عمران ١٩ )

"തീർച്ചയായും അല്ലാഹുവിങ്കൽ (സ്വീകാര്യമായ) മതം ഇസ്ലാം മാത്രമാകുന്നു."(ആലു ഇംറാൻ :19)

﴿ الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الإِسْلاَمَ دِينًا ﴾ (سورة المائدة ٣ )

"ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം ഞാൻ നിങ്ങൾക്ക് നിറവേററിത്തരികയും, മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു." (മാഇദ : 3)

﴿ وَمَنْ يَبْتَغِ غَيْرَ الإِسْلامِ دِينًا فَلَنْ يُقْبَلَ مِنْهُ وَهُوَ فِي الآخِرَةِ مِنَ الْخَاسِرِينَ ﴾ ( آل عمران ٨٥ )

"ഇസ്ലാമല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും." (ആലു ഇംറാൻ : 85)

അക്കാരണത്താൽ തന്നെ ഇന്ന് ആരെങ്കിലും ജൂത ക്രൈസ്തവ മതങ്ങളെപ്പോലുള്ള ഏതെങ്കിലും മതങ്ങൾ ഇസ്ലാമിനെ കൂടാതെ അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെടും എന്ന് വാദിച്ചാൽ അവൻ കാഫിർ (സത്യനിഷേധി) ആയിക്കഴിഞ്ഞു. അവൻ പശ്ചാത്തപിക്കാത്ത പക്ഷം മുർതദ്ദ് ആയി (മതത്തിൽനിന്ന് പുറത്ത്പോയി). അവൻ വധിക്കപ്പെടേണ്ടതുമാണ്. കാരണം അവൻ ഖുർആനിനെ കളവാക്കിയവനാണ്.

മുഹമ്മദ്നബി(സ) മുഴുവൻ ജനങ്ങളിലേക്കും അയക്കപ്പെട്ട പ്രവാചകനാണ് എന്നതിനെ വല്ലവനും നിഷേധിച്ചാൽ അവൻ മുഴുവൻ പ്രവാചകന്മാരെയും നിഷേധിച്ചവനു തുല്യമാണ്. അവൻ തൻെറ പ്രവാചകനിൽ വിശ്വസിക്കുകയും പിൻപററുകയും ചെയ്യുന്നു എന്ന് വാദിച്ചാലും ശരി.

കാരണം അല്ലാഹു പറയുന്നത് കാണുക:

﴿ كَذَّبَتْ قَوْمُ نُوحٍ الْمُرْسَلِينَ ﴾ (سورةالشعراء ١٠٥)

"നൂഹിൻെറ ജനത പ്രവാചകന്മാരെയെല്ലാം കളവാക്കിയിരിക്കുന്നു." (ശുഅറാഅ് : 105)

നൂഹിൻെറ മുമ്പ് പ്രവാചകന്മാരൊന്നും കഴിഞ്ഞു പോയിട്ടില്ല. എന്നിട്ടും പ്രവാചകന്മാരെ മുഴുവനും കളവാക്കിയവർ എന്നാണ് അവരെ സംബന്ധിച്ച് അല്ലാഹു പറഞ്ഞത്.

ഖുർആൻ വചനം ശ്രദ്ധിക്കുക:

﴿ إِنَّ الَّذِينَ يَكْفُرُونَ بِاللَّهِ وَرُسُلِهِ وَيُرِيدُونَ أَنْ يُفَرِّقُوا بَيْنَ اللَّهِ وَرُسُلِهِ وَيَقُولُونَ نُؤْمِنُ بِبَعْضٍ وَنَكْفُرُ بِبَعْضٍ وَيُرِيدُونَ أَنْ يَتَّخِذُوا بَيْنَ ذَلِكَ سَبِيلًا ۝ أُولَئِكَ هُمُ الْكَافِرُونَ حَقًّا وَأَعْتَدْنَا لِلْكَافِرِينَ عَذَابًا مُهِينًا ﴾ (سورة النساء ١٥٠، ١٥١)

"അല്ലാഹുവിലും അവൻെറ ദൂതന്മാരിലും അവിശ്വസിക്കു കയും (വിശ്വാസകാര്യത്തിൽ) അല്ലാഹുവി

നും അവൻെറ ദൂതന്മാർക്കുമിടയിൽ വിവേചനം ക ൽപ്പിക്കാൻ ആഗ്രഹിക്കുകയും, 'ഞങ്ങൾ ചിലരിൽ വിശ്വസിക്കുകയും, ചിലരെ നിഷേധിക്കുകയും ചെ യ്യുന്നു' എന്ന് പറയുകയും, അങ്ങിനെ അതിന്നിട യിൽ (വിശ്വാസത്തിനും അവിശ്വാസത്തിനുമിടയി ൽ) മറ്റൊരു മാർഗ്ഗം സ്വീകരിക്കാൻ ഉദ്ദേശിക്കു കയും ചെയ്യുന്നവരാരോ, അവർ തന്നെയാകുന്നു യഥാർത്ഥത്തിൽ സത്യനിഷേധികൾ. സത്യനിഷേധി കൾക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കിവെ ച്ചിട്ടുണ്ട്.'' (നിസാഅ് : 150, 151)

മുഹമ്മദ് നബി(സ) അന്ത്യപ്രവാചകനാണ് എന്ന് നാം വിശ്വസിക്കൽ നിർബന്ധമായത് പോലെ, മു ഹമ്മദ് നബിക്ക് ശേഷം വല്ലവനും പ്രവാചകത്വം വാദിക്കുകയോ വാദിക്കുന്നവനെ ശരിവെക്കുക യോ ചെയ്താൽ അവൻ കാഫിറാണ് എന്നും നാം വിശ്വസിക്കണ്ടതുണ്ട്.

നബിയുടെ ഉമ്മത്തിൽ വിജ്ഞാനം, നേതൃത്വം, പ്ര ബോധനം എന്നീ മേഖലകളിൽ സച്ചരിതരായ ഖ ലീഫമാർ നബി(സ)ക്ക് ശേഷം വന്നിട്ടുണ്ടെന്നും അവരിൽ സ്ഥാനവും ഖിലാഫത്തിന് അർഹതയും അബൂബക്കർ, ഉമർ, ഉസ്മാൻ, അലി (റ) എന്നീ ക്ര മത്തിലാണെന്നും നാം വിശ്വസിക്കുന്നു. അവർക്ക് വ്യക്തിപരമായി ഇസ്ലാമിലുള്ള സ്ഥാനമനുസരി ച്ചാണ് അവരുടെ ഖിലാഫത്തിലെ ക്രമവും. കാര

ണം  ഏററവും ഉത്തമമായ ആ തലമുറക്ക് അവരിലെ ഏററവും ഉത്തമനേയും ഖിലാഫത്തിന് ഏററവും അർഹനേയുമല്ലാതെ അല്ലാഹു നിശ്ചയിക്കുകയില്ല. അല്ലാഹുവിൻേറതത്രെ അതിമഹത്തായ യുക്തി.

അപ്രകാരം തന്നെ അവരിൽ സ്ഥാനം കുറഞ്ഞവർ തങ്ങളേക്കാൾ ഉൽകൃഷ്ടരായവരിൽ നിന്നും ചില പ്രത്യേകതകൾ കൊണ്ട് വ്യതിരിക്തരായി എന്ന് വന്നേക്കാം. എന്നാൽ അതുകൊണ്ട് മാത്രം ഉൽകൃഷ്ടരേക്കാൾ എല്ലാ നിലക്കും ശ്രേഷ്ഠതയർഹിക്കുന്നു എന്ന് അർത്ഥമില്ല; കാരണം ശ്രേഷ്ഠത നിശ്ചയിക്കുന്ന ഘടകങ്ങൾ ധാരാളവും വിഭിന്നവുമാണ്.

അപ്രകാരം മുസ്‌ലിം സമൂഹം, അവരാണ് ലോകത്തിലെ ഏററവും ഉത്തമർ. അവർതന്നെയാകുന്നു അല്ലാഹുവിങ്കൽ ആദരിക്കപ്പെടുന്നവർ എന്ന കാര്യവും ഖുർആനിലൂടെ വ്യക്തമാക്കപ്പെട്ടിട്ടുള്ളത് നാം വിശ്വസിക്കേണ്ടതാണ്.

അല്ലാഹു പറയുന്നു:

﴿ كُنتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِالْمَعْرُوفِ وَتَنْهَوْنَ عَنِ الْمُنْكَرِ وَتُؤْمِنُونَ بِاللَّهِ ﴾ ( سورة آل عمران ١١٠)

“മനുഷ്യ വംശത്തിനു വേണ്ടി ഉയർത്തെഴുന്നേൽപ്പിക്കപ്പെട്ട ഉത്തമ സമുദായമത്രെ നിങ്ങൾ. നിങ്ങൾ സദാചാരം കൽപ്പിക്കുകയും ദുരാചാരത്തിൽ നിന്ന്

വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. '' (ആലു ഇംറാൻ : 110)

## മുസ്ലിം ഉമ്മത്തിലെ ഉത്തമർ

മുസ്ലിം ഉമ്മത്തിലെ ഏററവും ഉത്തമർ സ്വഹാബിമാരും പിന്നീട് താബിഉകളും പിന്നെ അവരെ തുടർന്നവരുമാണ് എന്നും നാം വിശ്വസിക്കുന്നു.

അതുപോലെത്തന്നെ ഈ സമുദായത്തിലെ ഒരു വിഭാഗം എക്കാലവും സത്യത്തിൽ നിലകൊള്ളുക തന്നെ ചെയ്യും. അവരെ നിന്ദിക്കുന്ന വരോ അവരോട് എതിർക്കുന്നവരോ അന്ത്യനാൾ വരേക്കും, ഒരുനിലക്കും അവർക്ക് ഉപദ്രവമായിരിക്കുകയുമില്ല.

എന്നാൽ സ്വഹാബികൾക്കിടയിൽ ഉണ്ടായ ചില്ലറ പ്രശ്നങ്ങൾ അവരുടെ ചിന്താരംഗത്തുണ്ടായ വ്യാഖ്യാന വ്യതിയാനങ്ങൾ മാത്രമാണ്. അവരിൽ ശരിയോട് യോജിച്ചവർക്ക് രണ്ട് പ്രതിഫലവും അല്ലാത്തവർക്ക് അവരുടെ പരിശ്രമത്തിനുള്ള പ്രതിഫലവും ലഭ്യമാണ്. പാളിച്ചകൾ പൊറുക്കപ്പെടുന്നതുമാണ് .

അവരെ സംബന്ധിച്ച് മോശമായി യാതൊന്നും പരാമർശിക്കാതിരിക്കുകയും അവർക്ക് അർഹിക്കപ്പെട്ട ബഹുമതികളിലൂടെ മാത്രം അവരെ സ്മരിക്കുകയും, ചീത്ത ചിന്തകളിൽ നിന്നും വിദ്വേഷങ്ങളിൽ

നിന്നും നമ്മുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കലും അനിവാര്യമാണ് .

﴿ لا يَسْتَوِي مِنكُمْ مَنْ أنفَقَ مِنْ قَبْلِ الفَتْحِ وَقَاتَلَ أولَئِكَ أعْظَمُ دَرَجَةً مِنَ الَّذِينَ أنفَقُوا مِنْ بَعْدُ وَقَاتَلُوا وَكُلاًّ وَعَدَ اللَّهُ الحُسْنَى﴾ ( سورة الحديد ١٠)

"നിങ്ങളുടെ കൂട്ടത്തിൽനിന്ന് (മക്കാ)വിജയത്തിന് മുമ്പ് ചിലവഴിക്കുകയും യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്തവരും (അല്ലാത്തവരും) സമമാവുകയില്ല. അക്കൂട്ടർ പിന്നീട് ചിലവഴിക്കുകയും യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്തവരേക്കാൾ മഹത്തായ പദവിയുള്ളവരാകുന്നു, എല്ലാവർക്കും ഏററവും നല്ല പ്രതിഫലം അല്ലാഹു വാഗ്ദാനം നൽകു കയും ചെയ്തിരിക്കുന്നു." ( ഹദീദ് : 10)

നമ്മെ സംബന്ധിച്ച് അല്ലാഹു പറയുന്നു:

﴿ وَالَّذِينَ جَاءُوا مِنْ بَعْدِهِمْ يَقُولُونَ رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا الَّذِينَ سَبَقُونَا بِالإِيمَانِ وَلا تَجْعَلْ فِي قُلُوبِنَا غِلاًّ لِلَّذِينَ ءَامَنُوا رَبَّنَا إِنَّكَ رَءُوفٌ رَحِيم ﴾ (سورة الحشر ١٠)

"അവരുടെ ശേഷം വന്നവർക്കും, അവർപറയും ഞങ്ങളുടെ നാഥാ ഞങ്ങൾക്കും സത്യവിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്ത് തരേണമേ. സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സിൽ നീ യാതൊരു വിദ്വേഷവും ഉണ്ടാ

ക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ തീർച്ചയായും നീ ഏററവും ദയയുള്ളവനും കരുണാനിധിയുമാകുന്നു. '' (ഹശ്റ് : 10)

## അന്ത്യനാൾ

മരണാനന്തരം മനുഷ്യരെ തങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകുന്നതിന് വേണ്ടി അല്ലാഹു ജീവിപ്പിക്കുകയും, കർമ്മ വിചാരണക്ക് ശേഷം ശാശ്വത സൗഖ്യസമ്പൂർണ്ണ ഗേഹമായ സ്വർഗത്തിലേക്കോ അതല്ലങ്കിൽ നിത്യദുരിതപൂർണ്ണമായ നരകത്തിലേക്കോ നീക്കുന്നതാണ് .

മനുഷ്യരുടെ പുനരുത്ഥാനം ഇസ്റാഫീൽ എന്ന മലക്ക് രണ്ടാമത് കാഹളത്തിൽ ഊതുന്നതോടുകൂടിയാണ് ആരംഭിക്കുന്നത്.

﴿ وَنُفِخَ فِي الصُّورِ فَصَعِقَ مَنْ فِي السَّمَوَاتِ وَمَنْ فِي الأَرْضِ إِلاَّ مَنْ شَاءَ اللَّهُ ثُمَّ نُفِخَ فِيهِ أُخْرَى فَإِذَا هُمْ قِيَامٌ يَنْظُرُونَ﴾
( سورة الزمر ٦٨)

''കാഹളത്തിൽ ഊതപ്പെടും. അപ്പോൾ ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും ചലനമററവരായിത്തീരും; അല്ലാഹു ഉദ്ദേശിച്ച വരൊഴികെ. പിന്നീട് കാഹളത്തിൽ മറെറാരിക്കൽകൂടി ഊതപ്പെടും. അപ്പോഴതാ അവർ എഴുന്നേററ് നോക്കുന്നു.'' (സൂറ സുമർ : 68)

അപ്പോൾ ജനങ്ങൾ തങ്ങളുടെ ഖബറുകളിൽ നിന്ന് എഴുന്നേററ് വിവസ്ത്രരും ചേലാകർമ്മം ചെയ്യപ്പെ ടാത്തവരും നഗ്ന പാദരുമായി തങ്ങളുടെ രക്ഷിതാ വിങ്കലേക്ക് നീങ്ങും.

﴿ كَمَا بَدَأْنَا أَوَّلَ خَلْقٍ نُعِيدُهُ وَعْدًا عَلَيْنَا إِنَّا كُنَّا فَاعِلِينَ ﴾ (سورة الأنبياء ١٠٤ )

"ആദ്യമായി സൃഷ്ടി ആരംഭിച്ചത് പോലെത്തന്നെ നാം അത് ആവർത്തിക്കുന്നതുമാണ്. നാം ഏററ ഒരു ബാധ്യതയത്രെ അത്. നാം അത് നടപ്പിലാക്കുക തന്നെ ചെയ്യും. " (അമ്പിയാഅ് : 104)

മനുഷ്യരുടെ കർമ്മരേഖകൾ വലതുകയ്യിലോ അല്ലെങ്കിൽ പുറഭാഗത്തുകൂടെ ഇടതുകയ്യിലോആയി അന്ന് നൽകപ്പെടും.

﴿ فَأَمَّا مَنْ أُوتِيَ كِتَابَهُ بِيَمِينِهِ ۞ فَسَوْفَ يُحَاسَبُ حِسَابًا يَسِيرًا ۞ وَيَنْقَلِبُ إِلَى أَهْلِهِ مَسْرُورًا ۞ وَأَمَّا مَنْ أُوتِيَ كِتَابَهُ وَرَاءَ ظَهْرِهِ ۞ فَسَوْفَ يَدْعُو ثُبُورًا ۞ وَيَصْلَى سَعِيرًا ﴾ (سورة الإنشقاق ٧-١٢ )

"എന്നാൽ ഏതൊരുവന് തൻെറ രേഖ വലതു കയ്യിൽ നൽകപ്പെട്ടുവോ അവൻ ലഘുവായ വിചാരണക്ക് (മാത്രം) വിധേയനാകുന്നതാണ്. അവൻ തൻെറസ്വന്തക്കാരുടെ അടുത്തേക്ക് സന്തുഷ്ടനായി

ക്കൊണ്ട് തിരിച്ചു പോകുന്നതുമായിരിക്കും. എന്നാൽ ഏതൊരുവന് തൻെറ രേഖ അവൻെറ മുതുകിൻെറ പിന്നിലൂടെ നൽകപ്പെട്ടുവോ അവൻ, നാശമേ എന്ന് നിലവിളിക്കുകയും ആളിക്കത്തുന്ന നരകാഗ്നിയിൽ കടന്ന് എരിയുകയും ചെയ്യും.'' (സൂറ ഇൻശിഖാഖ് 7 –12 )

﴿ وَكُلَّ إِنسَانٍ أَلْزَمْنَاهُ طَائِرَهُ فِي عُنُقِهِ وَنُخْرِجُ لَهُ يَوْمَ الْقِيَامَةِ كِتَابًا يَلْقَاهُ مَنشُورًا ۞ اقْرَأْ كِتَابَكَ كَفَى بِنَفْسِكَ الْيَوْمَ عَلَيْكَ حَسِيبًا ﴾ ( سورة الإسراء ١٣،١٤ )

''ഓരോ മനുഷ്യനും അവൻെറ ശകുനം അവൻെറ കഴുത്തിൽ തന്നെ നാം ബന്ധിച്ചിരിക്കുന്നു. ഉയർത്തെഴുന്നേൽപ്പിൻെറ നാളിൽ ഒരുഗ്രന്ഥം നാം അവന് വേണ്ടി പുറത്തെടുക്കുന്നതാണ്. അത് നിവർത്തിവെക്കപ്പെട്ടതായി അവൻ കണ്ടെത്തും. നീ നിൻെറ ഗ്രന്ഥം വായിച്ചു നോക്കുക നിന്നെ സംബന്ധിച്ച് കണക്ക് നോക്കാൻ ഇന്ന് നീ തന്നെ മതി (എന്ന് അവനോട് പറയപ്പെടും).'' ( ഇസ്റാഅ് :13, 14)

അന്ന് അന്ത്യനാളിൽ ഒരാളും അനീതിക്ക് ഇരയാകാതിരിക്കാൻ കൃത്യമായ തുലാസുകൾ തന്നെ സ്ഥാപിക്കപ്പെടും.

﴿ فَمَن يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُ ۞ وَمَن يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُ ﴾ (سورة الزلزلة ٧، ٨ )

"ആർ ഒരണുതൂക്കം നന്മ ചെയ്തിരുന്നുവോ അവ നത് കാണും ആർ ഒരണുതൂക്കം തിന്മ ചെയ്തിരു ന്നുവോ അവൻ അതും കാണും "( സൽസല: 7,8).

﴿ فَمَنْ ثَقُلَتْ مَوَازِينُهُ فَأُولَئِكَ هُمُ الْمُفْلِحُونَ ۝ وَمَنْ خَفَّتْ مَوَازِينُهُ فَأُولَئِكَ الَّذِينَ خَسِرُوا أَنْفُسَهُمْ فِي جَهَنَّمَ خَالِدُونَ ۝ تَلْفَحُ وُجُوهَهُمُ النَّارُ وَهُمْ فِيهَا كَالِحُونَ ﴾ (المؤمنون ١٠٢-١٠٤)

"അപ്പോൾ ആരുടെ സൽക്കർമ്മങ്ങൾ ഘനമുള്ള തായോ അവർ തന്നെയാണ് വിജയികൾ ആരുടെ തൂക്കങ്ങൾ ലഘുവായിപ്പോയോ അവരാണ് ആത്മ നഷ്ടം പററിയവർ. അവർ നരകത്തിൽ നിത്യവാ സികൾ ആയിരിക്കും. നരകാഗ്നി അവരുടെ മുഖ ങ്ങളെ കരിച്ചു കളയുകയും അവരതിൽ പല്ലിളിച്ച വരുമായിരിക്കും." (മുഅ്മിനൂൻ 102–104)

﴿ مَنْ جَاءَ بِالْحَسَنَةِ فَلَهُ عَشْرُ أَمْثَالِهَا وَمَنْ جَاءَ بِالسَّيِّئَةِ فَلَا يُجْزَى إِلَّا مِثْلَهَا وَهُمْ لَا يُظْلَمُونَ ﴾ ( سورة الأنعام ١٦٠)

"വല്ലവനും ഒരുനന്മ കൊണ്ടുവന്നാൽ അവന് അതി ൻെറ പതിന്മടങ്ങ് ലഭിക്കുന്നതാണ് വല്ലവനും ഒരു തിന്മ കൊണ്ടുവന്നാൽ അതിന് തുല്യമായ പ്രതിഫ ലം മാത്രമെ അവന് നൽകപ്പെടുകയുള്ളൂ അവ രോട് യാതൊരുവിധ അനീതിയും കാണിക്കപ്പെടു കയില്ല." ( അൻആം : 160)

# ശഫാഅത്ത്

നബി(സ)ക്ക് മാത്രമായി നൽകപ്പെട്ടിട്ടുള്ള മഹത്തായ ശഫാഅത്ത് (ശുപാർശ) മുഖേനെ അന്ന് നബി (സ) അല്ലാഹുവിൻെറ അനുമതി പ്രകാരം അവൻെറ അടുക്കൽ ശുപാർശ നടത്തുന്നതാണ്. അല്ലാഹുവിൻെറ അടിമകൾ തങ്ങൾക്ക് താങ്ങാൻ കഴിയാത്ത വിധത്തിലുള്ള ദുരിതത്തിലും ഇടങ്ങേറിലുമായി (മഹ്ശറയിൽ) കഴിഞ്ഞുകൂടുമ്പോൾ, അവർ തങ്ങളെ ഒന്ന് വിചാരണക്ക് എടുക്കുന്നതിനുവേണ്ടി ആദം, നൂഹ്, ഇബ്റാഹീം, മൂസ, ഈസ (അ) എന്നീ പ്രവാചകൻമാരെ സമീപിച്ച് നോക്കുകയും ഫലമില്ലാതെ അവസാനം നബി(സ)യുടെ അടുത്തെത്തിയാൽ നബി(സ) അല്ലാഹുവിനോട് ശുപാർശനടത്തുന്നതാണ്. ഇതിനാണ് ശഫാഅത്തുൽ ഉള്മ (മഹത്തായ ശുപാർശ) എന്ന് പറയുന്നത്.

അപ്രകാരം, നരകത്തിൽ പ്രവേശിക്കാനിടയായായ വിശ്വാസികളെ (ശിക്ഷയുടെ കാലം കഴിഞ്ഞാൽ) നരകത്തിൽ നിന്നും രക്ഷപ്പെടുത്തുന്നതിന്ന് അല്ലാഹുവിൻെറ അനുമതി പ്രകാരം നബി(സ)യും വിശ്വാസികളും മലക്കുകളും ശുപാർശചെയ്യുന്നതാണ് .

കൂടാതെ അല്ലാഹുവിൻെറ മഹത്തായ ഔദാര്യവും കാരുണ്യവും മുഖേനെ വിശ്വാസികളിൽ നിന്നും നരകത്തിൽ കടക്കാനിടയായവരെ ശുപാർശ കൂടാതെയും അല്ലാഹു രക്ഷപ്പെടുത്തുന്നതാണ്.

## ഹൗളുൽ കൗഥർ

പരലോകത്ത് നബി(സ)ക്ക് മാത്രം അധികാരം നൽകപ്പെട്ടിട്ടുള്ള 'ഹൗളുൽ കൗഥർ'ഉണ്ട് എന്ന കാര്യത്തിലും നാം വിശ്വസിച്ചേ മതിയാകൂ. അതിലെ പാനീയം പാലിനേക്കാൾ വെളുത്തതും തേനിനേക്കാൾ മധുരമേറിയതും കസ്തൂരിയേക്കാൾ സുഗന്ധമേറിയതുമാകുന്നു. അതിൻെറ നീളവും വീതിയും ഓരോ മാസത്തെ വഴിദൂരമുള്ളതാണ്. അതിൽ നിന്ന് കുടിക്കാനുള്ള പാനപാത്രങ്ങൾ ആകാശത്തിലെ നക്ഷത്രങ്ങൾക്ക് തുല്യം എണ്ണവും മേന്മയുമുള്ളതുമാണ്. വിശ്വാസികൾ അതിൽ നിന്നും കുടിപ്പിക്കപ്പെടുന്നതാണ്. അതിൽ നിന്ന് ഒരിക്കൽ കുടിച്ചാൽ പിന്നീട് ഒരിക്കലും അവർക്ക് ദാഹിക്കുകയില്ല.

## സ്വിറാത്ത് (പാലം)

പരലോകത്ത് നരകത്തിനു മുകളിൽ തീർക്കപ്പെട്ട ഒരു സ്വിറാത്ത് (പാലം) ഉണ്ടായിരിക്കും എന്നും നാം വിശ്വസിക്കേണ്ടതാണ്. ജനങ്ങൾ അവരുടെ പ്രവർത്തനങ്ങളുടെ തോതനുസരിച്ചായിരിക്കും അതിലൂടെ കടന്ന്പോകുക. ആദ്യം കടക്കുന്നവർ മിന്നൽ വേഗത്തിലും പിന്നീട് കാററ് വേഗത്തിലും പിന്നെ പറവകളുടെ സഞ്ചാര വേഗതയിലും തുടർന്ന് നടന്നുമായിരിക്കും കടന്ന് പോവുക. അന്നേരം നബി (സ) അതിനടുത്തായി നിന്ന്കൊണ്ട് 'യാറബ്ബി സല്ലിം സല്ലിം' ''നാഥാ രക്ഷപ്പെടുത്തണേ, രക്ഷ

പ്പെടുത്തണേ'' എന്നിങ്ങനെ പറഞ്ഞുകൊണ്ടിരിക്കും. പിന്നീട് പ്രവർത്തനങ്ങൾ മുഖേന മുന്നോട്ട് പോകാൻ കഴിയാതെ അടിമകൾ പ്രയാസപ്പെടുകയും ചിലർ ഇഴഞ്ഞുകൊണ്ടും അവിടെ എത്തിപ്പെടുന്നതാണ്. സ്വിറാത്തിന്ന് ഇരുഭാഗത്തും നിറയെ കൊളുത്തുകൾ ബന്ധിക്കപ്പെട്ടിരിക്കും അവയോട് എന്ത് ആജ്ഞാപിച്ചാലും അവ അനുസരിക്കുന്നതാണ്. അതിൻെറ പിടുത്തത്തിൽ നിന്നും രക്ഷപ്പെട്ടവർ വിജയിക്കും. അല്ലാത്തവർ നരകത്തിൽ വീഴുന്നതുമാണ്.

പരലോകത്തെ സംബന്ധിച്ചും അന്നത്തെ ഭീകരതകളെ സംബന്ധിച്ചും ഖുർആനും സുന്നത്തും അറിയിച്ചുതന്ന എല്ലാ കാര്യങ്ങളിലും നാം വിശ്വസിച്ചിരിക്കൽ നിർബന്ധമാണ്. അല്ലാഹു നമ്മെ അന്നത്തെ പ്രയാസങ്ങളിൽനിന്നെല്ലാം കാത്തു രക്ഷിക്കുമാറാകട്ടെ (ആമീൻ).

മുഹമ്മദ് നബി(സ)ക്ക് മാത്രമായി അനുവദിക്കപ്പെട്ടതും സ്വർഗാവകാശികളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതിനുള്ളതുമായ ശുപാർശയും അന്ന് നടക്കുന്നതാണ്.

## സ്വർഗവും നരകവും

സ്വർഗം മുത്തഖീൻങ്ങളായ വിശ്വാസികൾക്ക് വേണ്ടി ഒരുക്കിയിട്ടുള്ളതും സൗഖ്യസമ്പൂർണ്ണമായതുമാകുന്നു. അതിലെ അനുഗ്രഹങ്ങൾ ഒരു കണ്ണും

കണ്ടിട്ടില്ലാത്തതും ഒരു കാതും കേട്ടിട്ടില്ലാത്തതും ഒരാളുടെ ഹൃദയത്തിലും വിഭാവന ചെയ്യാൻ കഴി യാത്തതുമാകുന്നു.

﴿ فَلَا تَعْلَمُ نَفْسٌ مَا أُخْفِيَ لَهُمْ مِنْ قُرَّةِ أَعْيُنٍ جَزَاءً بِمَا كَانُوا يَعْمَلُونَ ﴾ (سورة السجدة ١٧ )

“എന്നാൽ അവർ പ്രവർത്തിച്ചതിനുള്ള പ്രതിഫലമാ യി കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്കു വേണ്ടി രഹസ്യമാക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാവതല്ല .” (സജദ : 17)

നരകം അക്രമികളായ അവിശ്വാസിൾക്ക് വേണ്ടി ഒ രുക്കപ്പെട്ട ശിക്ഷയുടെ സങ്കേതമാകുന്നു, മനുഷ്യ ബുദ്ധിക്ക്വിഭാവന ചെയ്യാൻ കഴിയാത്ത വിധമുള്ള ശിക്ഷയും ഗുണപാഠവുമത്രെ അത്.

﴿ إِنَّا أَعْتَدْنَا لِلظَّالِمِينَ نَارًا أَحَاطَ بِهِمْ سُرَادِقُهَا وَإِنْ يَسْتَغِيثُوا يُغَاثُوا بِمَاءٍ كَالْمُهْلِ يَشْوِي الْوُجُوهَ بِئْسَ الشَّرَابُ وَسَاءَتْ مُرْتَفَقًا﴾ (سورة الكهف ٢٩)

“തീർച്ചയായും അക്രമികൾക്ക് നാം നരകാഗ്നി ഒരുക്കി വെച്ചിട്ടുണ്ട്. അതിൻെറ കൂടാരം അവരെ വലയം ചെയ്തിരിക്കുന്നു. അവർ വെള്ളത്തിനു അ പേക്ഷിക്കുന്ന പക്ഷം ഉരുക്കിയ ലോഹം പോലെ യുള്ള ഒരു വെള്ളമായിരിക്കും അവർക്ക് കുടിക്കാ ൻ നൽകപ്പെടുക. അത് മുഖങ്ങളെ കരിച്ചുകളയും.

വളരെ ദുഷിച്ച പാനീയം തന്നെ. അത് വളരെ ചീത്ത വിശ്രമസ്ഥലം തന്നെ.'' (കഹ്ഫ് : 29)

സ്വർഗവും നരകവും ഇപ്പോൾതന്നെ നിലവിലുള്ളതും ഒരിക്കലും നശിക്കാത്തതുമാകുന്നു.

﴿ وَمَنْ يُؤْمِنْ بِاللَّهِ وَيَعْمَلْ صَالِحًا يُدْخِلْهُ جَنَّاتٍ تَجْرِي مِنْ تَحْتِهَا الأَنْهَارُ خَالِدِينَ فِيهَا أَبَدًا قَدْ أَحْسَنَ اللَّهُ لَهُ رِزْقًا﴾ (سورة الطلاق ١١)

''വല്ലവനും അല്ലാഹുവിൽ വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്താൽ താഴ്ഭാഗത്ത്കൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകളിൽ അവനെ പ്രവേശിപ്പിക്കുന്നതുമാണ്. അവർ അതിൽ നിത്യവാസികൾ ആയിരിക്കും. അങ്ങിനെയുള്ളവന് അല്ലാഹു ഉപജീവനം മെച്ചപ്പെടുത്തിയിരിക്കുന്നു.'' (ത്വലാഖ് : 11)

﴿ إِنَّ اللَّهَ لَعَنَ الْكَافِرِينَ وَأَعَدَّ لَهُمْ سَعِيرًا ۞ خَالِدِينَ فِيهَا أَبَدًا لا يَجِدُونَ وَلِيًّا وَلا نَصِيرًا ۞ يَوْمَ تُقَلَّبُ وُجُوهُهُمْ فِي النَّارِ يَقُولُونَ يَالَيْتَنَا أَطَعْنَا اللَّهَ وَأَطَعْنَا الرَّسُولا ﴾ (سورة الأحزاب ٦٤-٦٦)

''തീർച്ചയായും അല്ലാഹു സത്യനിഷേധികളെ ശപിക്കുകയും അവർക്ക് വേണ്ടി ജ്വലിക്കുന്ന നരകാഗ്നി ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു. അവർ അതിൽ എന്നെന്നും ശാശ്വതരായിരിക്കും യാതൊ

രു രക്ഷാധികാരിയേയും സഹായിയേയും അവർ കണ്ടെത്തുകയില്ല. അവരുടെ മുഖങ്ങൾ നരകത്തിൽ കീഴ്മേൽ മറിക്കപ്പെടുന്ന ദിവസം അവർ പറയും: ഞങ്ങൾ അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്ന്. " (അഹ്സാബ് : 64 – 66)

ഖുർആനും ഹദീസും പേരെടുത്ത് പറഞ്ഞും വിശേഷണത്തിലൂടെ അറിയിച്ചും തന്ന എല്ലാവർക്കും സ്വർഗം ലഭിക്കുക തന്നെചെയ്യും. പേരെടുത്ത് പറഞ്ഞവർ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഹദീസുകളിലൂടെ സ്വർഗാവകാശിയാണ് എന്ന് പറയപ്പെട്ട അബൂബക്കർ, ഉമർ, ഉസ്മാൻ, അലി (റ) എന്നിവരും, അവരെ കൂടാതെ പേരു പറയപ്പെട്ട മററു സ്വഹാബികളുമാണ്. വിശേഷണത്തിലൂടെ അറിയിച്ചവർ എന്നാൽ മുത്തഖീൻകളും മുഅ്മിനീങ്ങളുമായ ആളുകളുമാകുന്നു. അപ്രകാരം ഖുർആനും ഹദീസും നരകാവകാശി എന്ന് പേര് പറഞ്ഞും വിശേഷണങ്ങളിലൂടെ അറിയിച്ചും തന്നതായ എല്ലാവർക്കും നരകവും ലഭിക്കുന്നതാണ്. പേര് പറഞ്ഞവരിൽ അബൂലഹബ്, അംറുബ്നു ലുഹയ്യുൽ ഖുസാഇ എന്നിവരും വിശേഷിപ്പിക്കപ്പെട്ടവർ എന്നാൽ എല്ലാ ബഹുദൈവ വിശ്വാസികളും കപട വിശ്വാസികളും ദൈവനിഷേധികളുമാകുന്നു.

# ഖബറിലെ രക്ഷാശിക്ഷകൾ

ഖബറിലെ പരീക്ഷണത്തിലും നാം വിശ്വസിക്കണം. അഥവാ ഖബറിൽ വെച്ച് മയ്യിത്ത് തൻെറ രക്ഷിതാവ്, മതം, നബി എന്നീകാര്യങ്ങൾ ചോദിക്കപ്പെടും അന്നേരം:

﴿ يُثَبِّتُ اللَّهُ الَّذِينَ ءَامَنُوا بِالْقَوْلِ الثَّابِتِ فِي الْحَيَاةِ الدُّنْيَا وَفِي الْآخِرَةِ﴾ (سورة إبراهيم ٢٧ )

"ഐഹിക ജീവിതത്തിലും പരലോകത്തും സുസ്ഥിരമായ വാക്ക്കൊണ്ട് അല്ലാഹു സത്യവിശ്വാസികളെ ഉറപ്പിച്ചു നിർത്തുന്നതാണ്." (ഇബ്റാഹീം:27)

മേൽ പറഞ്ഞ ചോദ്യങ്ങൾക്ക് വിശ്വാസികൾ എൻെറ രക്ഷിതാവ് അല്ലാഹുവാണെന്നും, മതം ഇസ്ലാം ആണെന്നും, നബി മുഹമ്മദ്(സ) യാണെന്നും മറുപടി പറയുന്നതാണ്. എന്നാൽ കപടവി ശ്വാസികളും സത്യനിഷേധികളും എനിക്കൊന്നുമറിഞ്ഞുകൂടാ ജനങ്ങൾ ചിലതെല്ലാം പറഞ്ഞിരുന്നു. ഞാനത് ഏററുപറയുക മാത്രം ചെയ്തു. എന്നായിരിക്കും മറുപടിപറയുക.

ഖബറിൽ സത്യവിശ്വാസികൾക്ക് സൗഖ്യപൂർണ്ണമായ ജീവിതമായിരിക്കും അനുഭവപ്പെടുക.

﴿ الَّذِينَ تَتَوَفَّاهُمُ الْمَلائِكَةُ طَيِّبِينَ يَقُولُونَ سَلامٌ عَلَيْكُمُ ادْخُلُوا الْجَنَّةَ بِمَا كُنْتُمْ تَعْمَلُونَ﴾ (سورة النحل ٣٢)

"നല്ലവരായനിലയിൽ മലക്കുകൾ ആരെ മരിപ്പിക്കുന്നുവോ അവരോട് (മലക്കുകൾ) പറയും നിങ്ങൾക്ക് സമാധാനം. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി നിങ്ങൾ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക."(നഹ്ൽ : 32)

അക്രമികളും കാഫിറുകളുമായ ആളുകൾ ഖബറിൽ വെച്ച് ശിക്ഷിക്കപ്പെടുന്നതുമാണ്.

﴿ وَلَوْ تَرَى إِذِ الظَّالِمُونَ فِي غَمَرَاتِ الْمَوْتِ وَالْمَلَئِكَةُ بَاسِطُو أَيْدِيهِمْ أَخْرِجُوا أَنْفُسَكُمُ الْيَوْمَ تُجْزَوْنَ عَذَابَ الْهُونِ بِمَا كُنْتُمْ تَقُولُونَ عَلَى اللَّهِ غَيْرَ الْحَقِّ وَكُنْتُمْ عَنْ ءَايَاتِهِ تَسْتَكْبِرُونَ﴾ (سورة الأنعام ٩٣)

"അക്രമികൾ മരണ വെപ്രാളത്തിലായിരിക്കുന്ന രംഗം നീ കണ്ടിരുന്നുവെങ്കിൽ; 'നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ പുറത്തെടുക്കുവീൻ' എന്ന് പറഞ്ഞുകൊണ്ട് മലക്കുകൾ അവരുടെ നേരെ തങ്ങളുടെ കൈകൾ നീട്ടിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ അല്ലാഹുവിന്റെ പേരിൽ സത്യമല്ലാത്തത് പറഞ്ഞുകൊണ്ടിരിക്കുന്നതിന്റെയും അവന്റെ ദൃഷ്ടാന്തങ്ങളെ നിങ്ങൾ അഹങ്കരിച്ചു തള്ളിക്കളഞ്ഞതിന്റെയും ഫലമായി ഇന്ന് നിങ്ങൾക്ക് ഹീനമായ

ശിക്ഷ നൽകപ്പെടുന്നതാണ്. (എന്ന് മലക്കുകൾ പറയുന്നതാണ്).'' ( അൻആം : 93)

ഈ വിഷയത്തിൽ വന്നിട്ടുള്ള ഹദീസുകൾ നിരവധിയാണ്. മനുഷ്യ ബുദ്ധിക്ക് തീർത്തും അദൃശ്യമായ ഇക്കാര്യത്തിൽ ഖുർആനും ഹദീസും പറഞ്ഞു തരുന്നത് അങ്ങിനെത്തന്നെ വിശ്വസിക്കൽ വിശ്വാസികൾക്ക് നിർബന്ധമാണ്. എന്നാൽ മേൽ പറയപ്പെട്ട വിഷയങ്ങളെ ഒരു നിലക്കും ഐഹിക കാര്യങ്ങളോട് തുലനം ചെയ്തു കൂടാ. കാരണം ഐഹിക വിഷയങ്ങളും പാരത്രിക വിഷയങ്ങളും തമ്മിൽ ഒരുനിലക്കും സാമ്യപ്പെടുത്താൻ പററാത്ത വിധം അന്തരമുള്ളവയാണ് .

## വിധിയിലുള്ള വിശ്വാസം

നന്മയും തിന്മയും അല്ലാഹുവിൻെറ തീരുമാനമാണെന്ന് നാം വിശ്വസിക്കുന്നു. അവ അല്ലാഹു, അവൻെറ അറിവിനും യുക്തിക്കും തീരുമാനത്തിനുമനുസരിച്ച് പ്രപഞ്ചത്തിനു നിശ്ചയിച്ചിട്ടുള്ള രഹസ്യങ്ങളാകുന്നു.

ഖദ്റിലുള്ള വിശ്വാസത്തിൽ പ്രധാനമായും താഴെ പറയുന്ന നാല് കാര്യങ്ങൾ ഉൾക്കൊള്ളുന്നു.

ഒന്ന്: <u>അറിവ്</u>, അല്ലാഹു എല്ലാകാര്യങ്ങളും വളരെ സൂക്ഷ്മമായി അറിയുന്നവനാണ്. അവ എങ്ങനെ സംഭവിക്കുന്നു എന്നതും അവൻെറ അനാദിയും

അല്ലാഹുവാണ് എല്ലാററിൻെറ
അനന്തവുമായ ജ്ഞാനം കൊണ്ട് അറിയുന്നു. അ വന് അജ്ഞതക്ക് ശേഷം ജ്ഞാനമോ അറിവിന് ശേഷം മറവിയോ ഉണ്ടാകൽ അസംഭവ്യമാണ്.

രണ്ട്: രേഖപ്പെടുത്തൽ, അന്ത്യദിനം വരെ സംഭവി ക്കുന്ന എല്ലാ കാര്യങ്ങളും അല്ലാഹു തൻെറ സുര ക്ഷിത ഫലകത്തിൽ മുൻകൂട്ടി തന്നെ രേഖപ്പെടു ത്തിയിരിക്കുന്നു.

﴿ أَلَمْ تَعْلَمْ أَنَّ اللَّهَ يَعْلَمُ مَا فِي السَّمَاءِ وَالأَرْضِ إِنَّ ذَلِكَ فِي كِتَابٍ إِنَّ ذَلِكَ عَلَى اللَّهِ يَسِيرٌ﴾ (سورة الحج٧٠ )

“ആകാശത്തിലും ഭൂമിയിലുമുള്ളത് അല്ലാഹു അറി യുന്നുണ്ടെന്ന് നിനക്ക് അറിഞ്ഞുകൂടേ ? തീർച്ചയാ യും അതെല്ലാം ഒരു രേഖയിലുണ്ട്. തീർച്ചയായും അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമത്രെ”(സൂറ ഹജ്ജ് : 70)

മൂന്ന്: തീരുമാനം, തീർച്ചയായും ആകാശ ഭൂമികളി ലുള്ളവയെല്ലാം അല്ലാഹുവിൻെറ തീരുമാനമനുസ രിച്ച് മാത്രമാണ് നടക്കുന്നത്. അവനുദ്ദേശിക്കുന്നത് ഉണ്ടാകുന്നു അവൻ ഉദ്ദേശിച്ചിട്ടില്ലങ്കിൽ ഉണ്ടാകുക യുമില്ല.

നാല്: സൃഷ്ടിപ്പ്,
യും സൃഷ്ടാവ്.

﴿اللَّه خَالِقُ كُلِّ شَيْءٍ وَهُوَ عَلَى كُلِّ شَيْءٍ وَكِيلٌ لَهُ مَقَالِيدُ

السَّمَوَاتِ وَالأَرْضِ ﴾ (سورة الزمر ٦٢، ٦٣ )

"അല്ലാഹു എല്ലാ വസ്തുക്കളുടെയും സൃഷ്ടാവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെ മേലും കൈകാര്യകർത്താവുമാണ്. ആകാശ ഭൂമികളുടെ താക്കോലുകൾ അവൻെറ അധീനത്തിലാകുന്നു." (സുമർ : 62, 63)

അല്ലാഹുവിൽ നിന്നുണ്ടാകുന്ന എല്ലാകാര്യങ്ങളും മേൽ പറയപ്പെട്ട നാലു കാര്യങ്ങളെ ഉൾക്കൊള്ളുന്നു. അപ്രകാരം അടിമകളിൽ നിന്നുണ്ടാകുന്ന എല്ലാ പ്രവൃത്തികളും വാക്കുകളും അവർ നിരാകരിക്കുന്ന കാര്യങ്ങളും അല്ലാഹുവിൻെറ അറിവിലും അവൻെറ പക്കലുള്ള രേഖയിലും ഉൾപ്പെടുന്നു. അവൻെറ ഉദ്ദേശമനുസരിച്ച് അവൻ സൃഷ്ടിപ്പ് നൽകുന്നതുമാണ്.

﴿ لمــن شاء منكم أن يستقيم وَمَــا تَشَاءُونَ إلا أنْ يَشَــاءَ اللَّهُ رَبُّ العَــالَمِين ﴾ ( سورة التكوير ٢٨،٢٩)

"അതായത് നിങ്ങളുടെ കൂട്ടത്തിൽ നിന്ന് നേരെ നിലകൊള്ളാൻ ഉദ്ദേശിച്ചവർക്ക് വേണ്ടി, ലോകരക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല." (തക്വീർ : 28, 29)

﴿ولو شاء الله ما اقتتلوا ولكن الله يفعل ما يريــد﴾ (ســورة البقرة ٢٥٣ )

"അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ പോരടി ക്കുമായിരുന്നില്ല. പക്ഷെ അല്ലാഹു താൻ ഉദ്ദേശി ക്കുന്നത് ചെയ്യുന്നു." (ബഖറ : 253)

﴿ وَلَوْ شَاءَ اللهُ مَا فَعَلُوهُ فَذَرْهُمْ وَمَا يَفْتَرُونَ ﴾ (سورة الأنعام ١٣٧ )

"അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരത് ചെയ്യു മായിരുന്നില്ല. അതിനാൽ അവർ കെട്ടിച്ചമച്ചുണ്ടാ ക്കുന്നതുമായി അവരെ വിട്ടേക്കുക." (അൻആം:137)

﴿ وَاللهُ خَلَقَكُمْ وَمَا تَعْمَلُونَ ﴾ (سورة الصافات ٩٦ )

"അല്ലാഹുവാണ് നിങ്ങളെയും നിങ്ങൾ നിർമ്മിച്ചു ണ്ടാക്കുന്നവയെയും സൃഷ്ടിച്ചത്."(സ്വാഫാത്ത്:96)

എന്നാൽ മേൽപറയപ്പെട്ടതോടൊപ്പം തന്നെ അടിമ കൾക്ക് (മനുഷ്യന്ന്) കാര്യങ്ങൾ തിരഞ്ഞെടുക്കാ നും അതനുസരിച്ച് പ്രവർത്തിക്കാനുമുള്ള കഴിവും സ്വാതന്ത്ര്യവും അല്ലാഹു നൽകിയിട്ടുണ്ട് എന്നതും നാം മനസിലാക്കേണ്ടതാണ്.

മനുഷ്യന് അവനിച്ഛിക്കുന്നത് തിരഞ്ഞെടുക്കാ നും പ്രവർത്തിക്കാനും കഴിവും സ്വാതന്ത്ര്യവും ന ൽകിയിട്ടുണ്ട് എന്നത് താഴെ പറയുന്ന തെളിവുക ളിൽ നിന്നും നമുക്ക് കണ്ടെത്താവുന്നതാണ്.

ഒന്ന് : അല്ലാഹു പറയുന്നു:

﴿ فَأْتُوا حَرْثَكُمْ أَنَّى شِئْتُمْ ﴾ ( سورة البقرة ٢٢٣)

"അതിനാൽ നിങ്ങൾ ഇച്ഛരിക്കുന്ന വിധം നിങ്ങൾക്ക് നിങ്ങളുടെ കൃഷിയിടത്തിൽ ചെല്ലാവുന്നതാണ്." (ബഖറ : 223)

﴿ وَلَوْ أَرَادُوا الْخُرُوجَ لَأَعَدُّوا لَهُ عُدَّةً ﴾ ( التوبة ٤٦)

"അവർ പുറപ്പെടാൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ അതിനു വേണ്ടി ഒരുക്കേണ്ടതെല്ലാം അവർ ഒരുക്കുമായിരുന്നു." (തൗബ : 46)

മേൽ പറയപ്പെട്ട ആയത്തുകളിൽ നിന്നും അടിമക്ക് അവൻ ഉദ്ദേശിക്കുന്നവിധം ചെല്ലാനും. അവന്റെ ഉദ്ദേശമനുസരിച്ച് കാര്യങ്ങൾ ഒരുക്കാനും കഴിവുണ്ട് എന്ന് സ്ഥിരപ്പെടുന്നതാണ്.

രണ്ട് : അല്ലാഹു മനുഷ്യന് കൽപനകളും വിരോധങ്ങളും ചുമത്തിയിരിക്കുന്നു. മനുഷ്യന് കാര്യങ്ങൾ തിരഞ്ഞെടുക്കാനും പ്രവർത്തിക്കാനും സ്വാതന്ത്ര്യവും കഴിവും ഇല്ലായിരുന്നുവെങ്കിൽ ചെയ്യാൻ കഴിയാത്ത ഒരുകാര്യം മനുഷ്യനോട് ആവശ്യപ്പെടുന്നത് അല്ലാഹുവിന്റെ യുക്തിക്കും കാരുണ്യത്തിനും സത്യസന്ധതക്കും അനുയോജ്യമല്ല.

﴿ لا يُكَلِّفُ اللَّهُ نَفْسًا إلا وُسْعَهَا﴾ ( البقرة ٢٨٦)

“അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ട തല്ലാതെ നിർബന്ധിക്കുകയില്ല.” (ബഖറ : 286)

മൂന്ന് : നന്മ ചെയ്യുന്നവരെ അവർ ചെയ്ത നന്മക ളുടെ പേരിൽ പ്രശംസിക്കുമെന്നതും തിന്മ ചെയ്ത വരെ അവരുടെ തിന്മ കാരണം ആക്ഷേപിക്കു മെ ന്നതും. ഓരോരുത്തർക്കും അവർ അർഹിക്കുന്ന പ്രതിഫലം നൽകപ്പെടുമെന്നും സ്ഥിരപ്പെട്ട കാര്യ മാണ്. എന്നാൽ മനുഷ്യരുടെ പ്രവർത്തനങ്ങൾ അ വരുടെ ഉദ്ദേശത്തിനും കഴിവിനുമനുസരിച്ചല്ല സംഭ വിക്കുന്നതെങ്കിൽ നന്മ ചെയ്യുന്നവരെ പ്രശംസിക്ക ലും, പ്രതിഫലം നൽകലും കേവലം ഒരു പാഴ്വേ ലയും തിന്മ ചെയ്തവരെ ശിക്ഷിക്കലും ആക്ഷേ പിക്കലും അക്രമവുമായിരിക്കും. അത് രണ്ടിൽ നി ന്നും അല്ലാഹു പരിശുദ്ധനാണ് താനും.

നാല് : അല്ലാഹു പ്രവാചകൻ മാരെ നിയോഗിച്ചത്.

﴿ مُبَشِّرِينَ وَمُنْذِرِينَ لِئَلاَّ يَكُونَ لِلنَّاسِ عَلَى اللهِ حُجَّةٌ بَعْدَ الرُّسُلِ ﴾ (النساء ١٦٥)

“സന്തോഷ വാർത്ത അറിയിക്കുന്നവരും താക്കീതു നൽകുന്നവരുമായ ദൂതൻമാരായിരുന്നു അവർ. ആ ദൂതൻമാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെ തിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാ ണത്.” (നിസാഅ് : 165)

മനുഷ്യർക്ക് അവരുടെ ഇഷ്ടവും കഴിവും അനുസരിച്ച് പ്രവർത്തിക്കാൻ സ്വാതന്ത്ര്യം ഇല്ലായിരുന്നു വെങ്കിൽ പ്രവാചകന്മാരെ അയച്ചത് നിരർത്ഥകമാ കുമായിരുന്നു.

<u>അഞ്ച്</u> : ഓരോവ്യക്തിക്കും താൻ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കാനും ഉപേക്ഷിക്കാനും യാതൊരു നിർബന്ധം ചെലുത്തലുമില്ലാതെ തന്നെ സാധിക്കുന്നുണ്ട്. ഒരാൾ എഴുന്നേൽക്കുന്നു, ഇരിക്കുന്നു, പ്രവേശിക്കുന്നു, പുറത്ത് പോകുന്നു, യാത്ര ചെയ്യുന്നു, താമസിക്കുന്നു ഇതെല്ലാം തൻെറ ഉദ്ദേശങ്ങൾ അനുസരിച്ച് മാത്രമാണ്. ഇതിലൊന്നും തന്നെ ഒരാളുടെയും പ്രേരണയില്ലാതെ പ്രവർത്തിക്കാൻ കഴിയുന്നത് പോലെ ദീനീ കാര്യങ്ങളിലും പ്രവർത്തിക്കാനും പ്രവർത്തിക്കാതിരിക്കാനുമുള്ള കഴിവും, സ്വാതന്ത്ര്യവും മനുഷ്യന് അല്ലാഹു വിട്ടു കൊടുത്തിട്ടുണ്ട്. അതുകൊണ്ടു തന്നെ അല്ലാഹുവോടുള്ള ബാധ്യതയിൽ തെററു ചെയ്യാൻ ഒരാൾ നിർബന്ധിതനായെങ്കിൽ അതിൻെറ പേരിൽ അയാളെ ശിക്ഷിക്കുകയില്ല.

എന്നാൽ ഒരു ധിക്കാരിക്ക് ഒരിക്കലും തന്നെ തൻെറ ധിക്കാരത്തിന് അല്ലാഹുവിൻെറ വിധിയാണ് എന്ന് പറഞ്ഞ് ന്യായീകരണം കണ്ടെത്താൻ കഴിയുകയില്ല. കാരണം താൻ പ്രവർത്തിക്കുന്ന തെററുകൾ തന്നിഷ്ട പ്രകാരം മാത്രമാണ് അവൻ ചെയ്തുകൂട്ടുന്നത്.

അല്ലാഹു അവന് നിശ്ചയിച്ചിട്ടുള്ള വിധി (ഖദ്ർ) എന്താണെന്ന് അവൻ ഒരിക്കലും മുൻകൂട്ടി അറിയു ന്നില്ല. അല്ലാഹുവിൻെറ വിധി എന്താണെന്ന് അത് സംഭവിച്ച ശേഷമല്ലാതെ ഒരാൾക്കും അറിയാൻ ക ഴിയുകയില്ല.

﴿ وَمَا تَدْرِى نَفْسٌ مَاذَا تَكْسِبُ غَدًا ﴾ ( لقمان ٣٤)

" നാളെ താൻ എന്താണ് പ്രവർത്തിക്കുക എന്ന് ഒ രാളും അറിയുന്നില്ല." (ലുഖ്മാൻ : 34)

അപ്പോൾ താൻ പ്രവർത്തിക്കുന്ന സമയത്ത് തൻെറ പ്രവർത്തനം എങ്ങിനെ കലാശിക്കും എന്ന് അറി യാത്തവൻ എങ്ങിനെ അതിൽ ന്യായീകരണം ക ണ്ടെത്തും. അതെങ്ങിനെ സാധൂകരിക്കപ്പെടും.

ഇത്തരം ന്യായ വാദങ്ങളെ മുൻകൂട്ടി തന്നെ അല്ലാ ഹു പൊളിച്ചു കളയുന്നത് കാണുക:

﴿ سَيَقُولُ الَّذِينَ أَشْرَكُوا لَوْ شَاءَ اللَّهُ مَا أَشْرَكْنَا وَلَا آبَاؤُنَا وَلَا حَرَّمْنَا مِن شَيْءٍ كَذَٰلِكَ كَذَّبَ الَّذِينَ مِن قَبْلِهِم حَتَّىٰ ذَاقُوا بَأْسَنَا قُلْ هَلْ عِندَكُم مِّنْ عِلْمٍ فَتُخْرِجُوهُ لَنَا إِن تَتَّبِعُونَ إِلَّا الظَّـنَّ وَإِنْ أَنتُمْ إِلَّا تَخْرُصُونَ ﴾ (سورة الأنعام ١٤٨)

"ബഹു ദൈവാരാധകർ പറഞ്ഞേക്കും അല്ലാഹു ഉ ദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങളോ ഞങ്ങളുടെ പിതാ ക്കളോ അല്ലാഹുവിൽ പങ്ക് ചേർക്കുമായിരുന്നില്ല,

ഞങ്ങൾ യാതൊന്നും നിഷിദ്ധമാക്കു മായിരുന്നില്ല എന്ന്. ഇതേപ്രകാരം അവരുടെ മുൻഗാമികളും നമ്മുടെ ശിക്ഷ ആസ്വദിക്കുന്നത് വരെ നിഷേധിച്ചു കളയുകയുണ്ടായി. പറയുക: നിങ്ങളുടെ പക്കൽ വല്ല വിവരവുമുണ്ടോ, എങ്കിൽ അതൊന്ന് ഞങ്ങൾക്ക് വെളിപ്പെടുത്തിതരിക. ഊഹത്തെ മാത്രമാണ് നിങ്ങൾ പിൻതുടരുന്നത്. നിങ്ങൾ അനുമാനിക്കുക മാത്രമാണ് ചെയ്യുന്നത്.'' (അൻആം : 148)

എന്നാൽ വിധിയാണെന്ന് പറഞ്ഞ് തെററ് പ്രവർത്തിക്കുന്ന ഒരാളോട് നമുക്ക് ഇപ്രകാരം ചോദിക്കാം: എന്ത്കൊണ്ടാണ് അല്ലാഹുവിൻെറ വിധിയാണെന്ന് പറഞ്ഞ് അല്ലാഹുവിന് കീഴ്പ്പെട്ട് ജീവിക്കാൻ നിങ്ങൾ മുന്നോട്ട് വരാത്തത് ? അനുസരണവും ധിക്കാരവും രണ്ടും സംഭവിച്ചശേഷമല്ലാതെ, അതാണവന് കണക്കാക്കി രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് അവൻ അറിയാത്ത സ്ഥിതിക്ക്, എങ്ങിനെയാണ് ധിക്കാരത്തിന് മാത്രം അവൻ വിധിയിൽ ന്യായീകരണം കണ്ടെത്തുക ?.

ഈ വിഷയത്തിൽ നബി(സ) തൻെറ അനുചരന്മാരോട് പറഞ്ഞത് ഇപ്രകാരമാണ്: ഓരോരുത്തരുടേയും ഇരിപ്പിടം സ്വർഗത്തിലണോ നരകത്തിലാണോ എന്നത് അല്ലാഹു രേഖപ്പെടുത്തിക്കഴിഞ്ഞിരിക്കുകയാണ്. സ്വഹാബികൾ ചോദിച്ചു എങ്കിൽ ഞങ്ങൾക്ക് പ്രവർത്തനങ്ങൾ ഉപേക്ഷിച്ച് അതിനെ (വിധിയെ) ആശ്രയിച്ചുകൂടേ? നബി(സ) പറഞ്ഞു: ''പാടി

ല്ല. നിങ്ങൾ പ്രവർത്തിക്കുക എല്ലാവരും തനിക്ക് ക ണക്കാക്കിയതിലേക്ക് എളുപ്പമാക്കപ്പെടുന്നതാണ്.''

അപ്രകാരം തന്നെ അല്ലാഹുവിധിച്ച വിധിയാണ് എന്ന്പറഞ്ഞ് തെററ് പ്രവർത്തിക്കുന്നവരോട് നമു ക്ക് ചില ചോദ്യങ്ങൾ ചോദിക്കാം: നീ മക്കയിലേ ക്ക് യാത്ര ചെയ്യാൻ ഉദ്ദേശിക്കുന്നു; നിനക്ക് അതി ന് രണ്ട് വഴികളുണ്ട്. സത്യസന്ധനായ ഒരാൾ നിനക്ക് പറഞ്ഞു തരുന്നു: അതിൽ ഒന്ന് സുരക്ഷിത മായ വഴിയും മറെറാന്ന് അപകടങ്ങൾ നിറഞ്ഞ വ ഴിയുമാണെന്ന്. തീർച്ചയായും നീ ആദ്യം പറഞ്ഞ സുരക്ഷിതമായ വഴിയായിരിക്കും തിരഞ്ഞെടുക്കു ക. ഒരിക്കലും അല്ലാഹു എനിക്ക് കണക്കാക്കിയത് ഇതായിരിക്കും എന്ന് പറഞ്ഞ് അപകടം നിറഞ്ഞ വഴി നീ തിരഞ്ഞെടുക്കുകയില്ല. നീയെങ്ങാനും അ ങ്ങിനെ തിരഞ്ഞെടുത്താൽ നിന്നെ ആളുകൾ എ ണ്ണുക ഭ്രാന്തന്മാരുടെ കൂട്ടത്തിലായിരിക്കും.

അതല്ലങ്കിൽ നിൻെറ മുന്നിൽ രണ്ട് തരം ഉദ്യോഗം സമർപ്പിക്കുന്നു. അവയിലൊന്ന് ഉയർന്നനിരക്കിൽ ശമ്പളം ലഭിക്കുന്നതും, മാന്യതയുള്ളതുമാണ്. തീർ ച്ചയായും നീ അത് തന്നെയായിരിക്കും തിരഞ്ഞെ ടുക്കുക. എന്നാൽ പരലോക കാര്യത്തിൽ മാത്രം നീ എങ്ങിനെയാണ് മോശമായത് തിരഞ്ഞെടുക്കു കയും എന്നിട്ട് വിധിയിൽ ന്യായീകരണം കണ്ടെ ത്തുകയും ചെയ്യുക ?.

മററൊന്ന് കൂടി ചോദിക്കട്ടെ: നിനക്ക് ശാരീരികമായ വല്ല രോഗവും പിടിപെട്ടാൽ നീ ഡോക്ടർമാരുടെ വാതിലിൽ മുട്ടുകയും ചികിത്സ സ്വീകരിക്കുകയും അതിനിടയിൽ നേരിടുന്ന എല്ലാ വിധ പ്രയാസങ്ങളും– മരുന്നിൻെറ കയ്പ്, ഓപ്പറേഷൻെറ വേദന എന്നിവ– നീ ക്ഷമിക്കുകതന്നെ ചെയ്യുന്നു. എന്നാൽ എന്ത്കൊണ്ട് ആത്മീയമായി നിനക്കുണ്ടാകുന്ന രോഗങ്ങൾക്ക് നീ ഈ മാർഗം അവലംബിക്കുന്നില്ല.?

അല്ലാഹു കാരുണ്യവാനും യുക്തിമാനുമായത് കൊണ്ട് തിന്മ ഒരിക്കലും അല്ലാഹുവിലേക്ക് ചേർക്കാവതല്ല. നബി(സ) ഇപ്രകാരം പറഞ്ഞു:

وَالشَّرُّ لَيْسَ إِلَيْكَ (مسلم)

“തിന്മ ഒരിക്കലും നിന്നിലേക്ക് ചേർക്കപ്പെടുന്നില്ല.” (മുസ്ലിം)

അല്ലാഹുവിൻെറ തീരുമാനത്തിൽ ഒരിക്കലും ആത്യന്തികമായി തിന്മ ഉണ്ടാവുകയില്ല. അവ (തീരുമാനം) അല്ലാഹുവിൻെറ കാരുണ്യവും യുക്തിയുമനുസരിച്ച് മാത്രമേ ഉണ്ടാകൂ. അവൻെറ തീരുമാനങ്ങളുടെ അനന്തര ഫലമായി മാത്രമെ തിന്മകൾ ഉണ്ടാകുന്നുള്ളൂ. അതാണ് നബി (സ) ഹസൻ(റ)ന്

പഠിപ്പിച്ചു കൊടുത്ത പ്രാർത്ഥനയിൽ ഉൾക്കൊള്ളു ന്നത് .

وَقِنِي شَرَّ مَا قَضَيْتَ

“നീ തീരുമാനിച്ചതിൽ ഉണ്ടായേക്കാവുന്ന നാശ ത്തിൽ നിന്നും നീ എന്നെ കാക്കേണമേ.”

ഇവിടെ തിന്മയെ അല്ലാഹുവിൻെറ വിധിയിലേക്ക് ചേർത്ത് പറഞ്ഞെങ്കിലും ഒരിക്കലും തിന്മയായി ക്കൊണ്ട് അവൻ യാതൊന്നും വിധിക്കുന്നില്ല. ഒരിട ത്ത് ഒരു കാര്യം തിന്മയായി അനുഭവപ്പെടുന്നുവെ ങ്കിൽ മറെറാരിടത്ത് അത് തന്നെ നന്മയായേക്കാം. ചിലർക്ക് തിന്മയാണങ്കിൽ മററ്ചിലർക്ക് അതിൽ ന ന്മ കാണാൻ കഴിഞ്ഞേക്കും. ഭൂമിയിലുണ്ടാകുന്ന വ രൾച്ച, രോഗം, ദാരിദ്ര്യം, ഭയം എന്നിവ മൂലമുണ്ടാ കുന്ന കുഴപ്പങ്ങൾ തിന്മയായി അനുഭവപ്പെടുന്നു വെങ്കിൽ അത് തന്നെ മറെറാരു നിലക്ക് നന്മയുമാ കുന്നു.

﴿ ظَهَرَ الْفَسَادُ فِي الْبَرِّ وَالْبَحْرِ بِمَا كَسَبَتْ أَيْدِي النَّاس لِيُذِيقَهُم بَعْضَ الَّذِي عَمِلُوا لَعَلَّهُمْ يَرْجِعُونَ ﴾ ( سورة الروم ٤١)

“മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിൻെറ ഫലം അവർ

ക്ക് ആസ്വദിപ്പിക്കാൻ വേണ്ടിയത്രെ അത്. അവർ ഒ രു വേള അതിൽനിന്നും മടങ്ങിയേക്കും.'' (റൂം : 41)

കട്ടവൻെറ കൈ മുറിക്കലും, വ്യഭിചാരിയെ എറിഞ്ഞു കൊല്ലലും മോഷ്ടാവിനെയും വ്യഭിചാരിയെയും അപേക്ഷിച്ച് തിന്മയാണെങ്കിലും മററൊരർത്ഥത്തിൽ ചിന്തിച്ചാൽ അത് അവർക്ക് തന്നെ നന്മയായും ഭവിക്കുന്നു. അത് അവർക്ക് ഒരു പ്രായശ്ചിത്തമായിത്തീരുന്നു. ദുനിയാവിലെ ശിക്ഷയും പരലോക ശിക്ഷയും ഒരുമിച്ചുണ്ടാവുകയില്ല. അതോടൊപ്പം മററുള്ളവർക്ക് സ്വത്തിനും കുടുംബത്തിനും അഭിമാനത്തിനും സംരക്ഷണം ലഭിക്കുക കൂടി ചെയ്യുന്നു.

## വിശ്വാസത്തിൻെറ നേട്ടങ്ങൾ

മേൽ പറയപ്പെട്ട മഹത്തായ അടിത്തറയിൽ ഊന്നി നിന്നു കൊണ്ടുള്ള ഉന്നതങ്ങളായ വിശ്വാസ മുൾക്കൊണ്ട് ജീവിക്കുന്നവന് താഴെപറയുന്ന സദ്ഫലങ്ങൾ നേടിയെടുക്കാൻ കഴിയുന്നു.

### അല്ലാഹുവിലുള്ള വിശ്വാസം

1. അല്ലാഹുവിലും അവൻെറ നാമ വിശേഷണങ്ങളിലും വിശ്വസിക്കൽ മുഖേന ഒരടിമക്ക് അല്ലാഹുവിൻെറ കൽപനകൾ ഉൾക്കൊള്ളാനും നിരോധങ്ങൾ

ഒഴിവാക്കാനും കഴിയുംവിധം അവനെ സ്നേഹിക്കാനും മഹത്വപ്പെടുത്താനും കഴിയുന്നു.

2. വ്യക്തിക്കും സമൂഹത്തിനും ഐഹികവും പാരത്രികവുമായ സൗഭാഗ്യം നേടിയെടുക്കാൻ കഴിയും വിധം അല്ലാഹുവിൻെറ കൽപനകൾ പിൻപററാനും തിന്മകൾ വർജിക്കാനും കഴിയുന്നു.

﴿مَنْ عَمِلَ صَالِحًا مِنْ ذَكَرٍ أَوْ أُنْثَى وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُ حَيَاةً طَيِّبَةً وَلَنَجْزِيَنَّهُمْ أَجْرَهُمْ بِأَحْسَنِ مَا كَانُوا يَعْمَلُونَ﴾ (سورة النحل ٩٧)

"ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആവ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിൽ ഏററവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം അവർക്ക് നാം നൽകുകയും ചെയ്യും." (നഹ്ൽ : 97)

## മലക്കുകളിലുള്ള വിശ്വാസം

മലക്കുകളിൽ വിശ്വസിക്കുന്നത് മൂലം ഒരുവിശ്വാസി താഴെപറയുന്ന നേട്ടങ്ങൾ കൈവരിക്കുന്നു.

1. അല്ലാഹുവിൻെറ മഹത്വവും ശക്തിയും അധികാരവും മനസ്സിലാക്കുന്നു.

2, അല്ലാഹുവിന്ന് തൻെറ ദാസന്മാരോടുള്ള ശ്രദ്ധ യെപ്പററി മനസ്സിലാക്കാനും, അത് കാരണം അവ നോട് കൂടുതൽ നന്ദികാണിക്കാനും അവസരമേ കുന്നു.

3, മലക്കുകൾ വിശ്വാസികൾക്ക് വേണ്ടി പാപമോച നത്തിനായി പ്രാർത്ഥിക്കുന്നതിനാലും അവർ സദാ സമയവും ഏററവും പരിപൂർണ്ണമായ നിലയിൽ അ ല്ലാഹുവിനെ ആരാധിക്കുന്നതിനാലും അവരെ സ് നേഹിക്കാൻ കാരണമാകുന്നു.

## ഗ്രന്ഥങ്ങളിലുള്ള വിശ്വാസം

ഗ്രന്ഥങ്ങളിൽ വിശ്വസിക്കുന്നത് മുഖേനെ പല നേ ട്ടങ്ങളും കൈവരിക്കാൻ കഴിയുന്നു.

1, എല്ലാ ജനതയിലേക്കും അവരെ നേർമാർഗത്തി ലേക്ക് നയിക്കുന്നതിനായി ഗ്രന്ഥങ്ങൾ ഇറക്കി ക്കൊണ്ട് അല്ലാഹു തൻെറ അടിമകളോട് അങ്ങേയ ററം ശ്രദ്ധയും കാരുണ്യവും ഉള്ളവനാണെന്ന് മന സ്സിലാക്കാൻ കഴിയുന്നു.

2, എല്ലാ സമുദായങ്ങളിലേക്കും അവർക്ക് അനു യോജ്യമായ നിലക്ക് ഗ്രന്ഥങ്ങൾ നൽകിയും അവ സാനമായി മുഴുവൻ ജനങ്ങളിലേക്കുമായി എക്കാ ലത്തേക്കും യോജിച്ച വിധത്തിൽ അവസാന ഗ്രന് ഥമായി ഖുർആൻ അവതരിപ്പിച്ച് കൊണ്ടും അവൻ തൻെറ ഹിക്മത്ത് പ്രകടിപ്പിച്ചിരിക്കുന്നു.

3, അല്ലാഹു ജനങ്ങൾക്ക് കാരുണ്യമായി ഗ്രന്ഥമവതരിപ്പിച്ചതിന് കാരണമായി നന്ദി കാണിക്കാൻ അത് പ്രേരകമാകുന്നു.

## പ്രവാചകന്മാരിലുള്ള വിശ്വാസം

1, മനുഷ്യർക്ക് സന്മാർഗവും മാർഗനിർദ്ദേശവും നൽകുന്നതിന് പ്രവാചകരെ അയച്ച അല്ലാഹുവിന് തന്റെ ദാസൻമാരോടുള്ള അനുകമ്പയും കാരുണ്യവും മനസ്സിലാക്കാൻ കഴിയുന്നു.

2. അതുകാരണത്താൽ അവനോട് കൂടുതൽ നന്ദി കാണിക്കാൻ അവസരം ലഭിക്കുന്നു.

3. അല്ലാഹു തന്റെ അടിമകളിൽ നിന്നും പ്രത്യേകം തിരഞ്ഞെടുത്ത് നിയോഗിച്ച പ്രവാചകരെ അവരർഹിക്കുന്ന വിധം സ്നേഹിക്കാനും പുകഴ്ത്താനും അത്മൂലം പ്രതിഫലം നേടാനും അവസരം കിട്ടുന്നു.

## അന്ത്യദിനത്തിലുള്ള വിശ്വാസം

1. പരലോക പ്രതിഫലം ആഗ്രഹിച്ചും ശിക്ഷയെ ഭയന്നും അല്ലാഹുവിന്റെ ആജ്ഞകൾ അനുസരിക്കാൻ കഴിയുന്നു .

2. ഐഹിക സുഖ സൗകര്യങ്ങൾ നഷ്ടപ്പെടുന്നതിൽ ദു:ഖിക്കാതെ പരലോക പ്രതിഫലം ആഗ്രഹിച്ച് ക്ഷമിക്കാൻ കഴിയുന്നു.

## വിധിയിലുള്ള വിശ്വാസം

1. ഏതൊരു കാര്യം പ്രവർത്തിക്കുമ്പോഴും കാര്യവും കാരണവും അല്ലാഹുവിൻെറ തീരുമാനമനുസരിച്ചേ സംഭവിക്കൂ എന്ന് ഓർക്കുന്നു.

2, മാനസിക സംതൃപ്തി ലഭിക്കുന്നു. കാരണം അല്ലാഹുവിൻെറ തീരുമാനം മാത്രമല്ലെ നടക്കൂ.

3. തൻെറ ഉദ്ദേശം സഫലമാകുമ്പോൾ അഹങ്കരിക്കുകയോ, ലക്ഷ്യം നേടാതെ പോകുമ്പോൾ ദു:ഖിക്കുകയോ ചെയ്യുകയില്ല.

അല്ലാഹു പറയുന്നത് കാണുക:

﴿ مَا أَصَابَ مِن مُّصِيبَةٍ فِي الأَرْضِ وَلاَ فِي أَنفُسِكُمْ إِلاَّ فِي كِتَابٍ مِّن قَبْلِ أَن نَّبْرَأَهَا إِنَّ ذَلِكَ عَلَى اللَّهِ يَسِيرٌ لِكَيْلاَ تَأْسَوْا عَلَى مَا فَاتَكُمْ وَلاَ تَفْرَحُوا بِمَا آتَاكُمْ وَاللَّهُ لاَ يُحِبُّ كُلَّ مُخْتَالٍ فَخُورٍ ﴾ ( الحديد ٢٢، ٢٣ )

“ ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരു ആപത്തും ഉണ്ടായിട്ടില്ല അതിനെ നാം ഉണ്ടാകുന്നതിനു മുമ്പ് തന്നെ ഒരു രേഖയിൽ ഉൾ

പ്പെടുത്തിക്കഴിഞ്ഞിട്ടല്ലാതെ. തീർച്ചയായും അത് അ ല്ലാഹുവിനെ സംബന്ധിച്ച് എളുപ്പവുമാണ്. ഇങ്ങി നെ നാം ചെയ്തത് നിങ്ങൾക്ക് നഷ്ടപ്പെട്ടതിൻെറ പേരിൽ ദു:ഖിക്കുകയോ നിങ്ങൾക്ക് അവൻ നൽ കിയതിൻെറ പേരിൽ ആഹ്ലാദിക്കുകയോ ചെയ്യാതി രിക്കാൻ വേണ്ടിയാണ്. അല്ലാഹു യാതൊരു അഹ ങ്കാരിയേയും ദുരഭിമാനിയേയും ഇഷ്ടപ്പെടുകയി ല്ല.'' (ഹദീദ് : 22, 23)

അല്ലാഹുവേ, മേൽപറയപ്പെട്ട വിശ്വാസങ്ങളിൽ ഞ ങ്ങളെ നീ ഉറപ്പിച്ചു നിർത്തുകയും, അതുമൂലമു ണ്ടാകുന്ന സത്ഫലങ്ങൾ ഞങ്ങൾക്ക് നീ യാഥാർ ത്ഥ്യമാക്കുകയും നിൻെറ ഔദാര്യത്തെ ഞങ്ങൾക്ക് നീ വർദ്ധിപ്പിച്ചുതരികയും ചെയ്യേണമേ. നാഥാ ഞ ങ്ങളുടെ ഹൃദയങ്ങളെ നേർമാർഗ്ഗത്തിനു ശേഷം നീ തെററിക്കരുതേ. നിൻെറ കാരുണ്യം ഞങ്ങൾക്ക് നീ ചൊരിഞ്ഞു തരികയും ചെയ്യേണമേ. തീർച്ചയാ യും നീ അത്യധികം ഔദാര്യവാനാകുന്നു. ലോക രക്ഷിതാവായ ഞങ്ങളുടെ നാഥാ നിനക്കാണ് സർ വ്വസ്തുതിയും.

وصلى الله وسلم على نبينا محمد وعلى آله وأصحابه والتابعين لهم بإحسان آمين .

مطابع الناشر العربي
AL-NASHER AL-ARABI P. PRESS

# عقيدة
# أهل السنة والجماعة

تأليف
الشيخ محمد الصالح العثيمين
« رحمه الله »

ترجمة:
عبد اللطيف السلمي

(باللغة المليبارية)

وكالة المطبوعات والبحث العلمي
وزارة الشؤون الإسلامية والأوقاف والدعوة والإرشاد
المملكة العربية السعودية
١٤٣٥ هـ